പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1
ലക്കം 26

എറണാകുളം 1970 ഒക്ടോബർ 11 ഞായർ

വില 35 സ.

✱ ഈ ലക്കത്തിൽ ✱

* കുറിപ്പുകൾ

തെരഞ്ഞെടുപ്പിനു ശേഷം

* ലേഖനങ്ങൾ

വനിതാശക്തി

അപ്രസക്തി

പ്രിവിപേഴ്സിന്റെ
രൂപാന്തര പ്രാപ്തി

* എഴുതാപ്പുറം

*

26

## തെരഞ്ഞെടുപ്പിനു ശേഷം

കോൺഗ്രസ് വിരോധത്തിന്റെ പരാജയമാണ് കേരളത്തിലെ ഇടക്കാലതെരഞ്ഞെടുപ്പ് ഫലങ്ങൾ പ്രകടമാക്കുന്നത്. തെരഞ്ഞെടുപ്പിനു മുമ്പേതന്നെ കോൺഗ്രസ് വിരോധത്തിന്റെ പരാജയം തുടങ്ങി കഴിഞ്ഞിരുന്നു. 1967 തെരഞ്ഞെടുപ്പിൽ ഏഴ് കക്ഷികൾ ഒന്നിച്ചു ചേർന്നുണ്ടാക്കിയ ഐക്യമുന്നണിയുടെ അടിത്തറ തന്നെ കോൺഗ്രസ് വിരോധമായിരുന്നു. പക്ഷെ രണ്ടരകൊല്ലം കഴിയും മുമ്പേ തന്നെ ഐക്യമുന്നണി തകർന്നു. ഐക്യമുന്നണിയിൽ അംഗമായിരുന്ന കക്ഷികൾ കോൺഗ്രസ്സ് വിരോധം അവസാനിപ്പിച്ചു കോൺഗ്രസിന്റെ സഹകരണത്തോടെ പ്രവർത്തിക്കാനാരംഭിച്ചു. 1970 ൽ തെരഞ്ഞെടുപ്പായപ്പോഴേക്കും പരസ്യമായിത്തന്നെ മുസ്‌ലീം ലീഗും, വലത് കമ്മ്യൂണിസ്റ്റ് പാർട്ടിയും ആർ. എസ്. പി. യും കോൺഗ്രസിന്റെ പിന്തുണക്കു വേണ്ടി അഭ്യർത്ഥിക്കുകയും ചെയ്തു.

ഈ പാർട്ടികൾ നേരത്തെ പുറമേക്കു കാണിച്ചിരുന്ന കോൺഗ്രസ് വിരോധം ആളുകൾക്ക് മനസ്സാ തന്നെയുണ്ടായിരുന്നില്ല. അതുകൊണ്ടാണ് രണ്ട് ദശാബ്ദത്തെ കോൺഗ്രസ് വിരുദ്ധ പ്രസ്ഥാനത്തെ വഞ്ചിച്ചുവെന്നു ഇപ്പോഴും കോൺഗ്രസ് വിരുദ്ധരായവർക്കു പരാതിപ്പെടേണ്ടി വരുന്നത്. രണ്ട് ദശാബ്ദക്കാലമായി കോൺഗ്രസിനെതിരെ സർവ്വരേയും ചേർത്ത് ഐക്യമുന്നണിയുണ്ടാക്കിയിട്ടും ഇന്നും ഐക്യമുന്നണിയിലെ തന്നെ കക്ഷികൾ കോൺഗ്രസിന്റെ കൂടെക്കൂടാൻ വ്യഗ്രത കാണിക്കുന്നുവെന്നതിന്റെ അർത്ഥം കോൺഗ്രസ്സവിരോധത്തിനു ഒരു തത്വമെന്ന നിലയിൽ നിലനില്പില്ലെന്നാണ്. അത് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ആളുകൾ തെളിയിക്കുകയും ചെയ്തു.

ഇടക്കാല തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ സീറ്റുകളും വോട്ടുകളും വർദ്ധിച്ചിട്ടുണ്ട്. കോൺഗ്രസ് വിരുദ്ധം മുദ്രാവാക്യമായി സ്വീകരിച്ചു ഐക്യമുന്നണിയുണ്ടാക്കി വന്നിട്ടും കോൺഗ്രസിന്റെ ശക്തി കേരളത്തിൽ കൂടിയിരിക്കയാണ്. അങ്ങിനെയല്ലെന്നു കാണിക്കാവുന്ന കണക്കുകളൊന്നും തന്നെയില്ല. 1965 ലെയും 1967 ലെയും തെരഞ്ഞെടുപ്പ് ഫലങ്ങളുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഭൂരിഭാഗവും വിജയ സാദ്ധ്യത കുറഞ്ഞ മണ്ഡലങ്ങളാണ് കുറുമുന്നണിക്കാർ കോൺഗ്രസിനു മത്സരിക്കാനായി കൊടുത്തിരുന്നത്. കേരളാകോൺഗ്രസ് കുറുമുന്നണി വിട്ടുപോകും മുമ്പ് കോൺഗ്രസിനു മത്സരിക്കാൻ നീക്കിവെച്ചിരുന്നത് 40 മണ്ഡലങ്ങൾ മാത്രമാണ്. ഇതിൽ പന്ത്രണ്ടെണ്ണത്തിൽ മാത്രമേ വിജയ സാദ്ധ്യതയുള്ളുവെന്നു കെ. പി. സി. സി. നേതാക്കൾ തന്നെ പരസ്യമായി പരാതിപ്പെട്ടിരുന്നു. അവസാനം കേരളാകോൺഗ്രസ് മുന്നണി വിട്ടതുകൊണ്ട് കോൺഗ്രസിനു 56 മണ്ഡലങ്ങളിൽ മത്സരിക്കാൻ സാധിച്ചു. താരതമ്യേന വിജയ സാദ്ധ്യത കുറഞ്ഞവയായിട്ടു പോലും ഇതിൽ മുപ്പത്തിരണ്ടെണ്ണത്തിലും കോൺഗ്രസ് വിജയിച്ചു.

കോൺഗ്രസിനുണ്ടായ വിജയം ഐക്യമുന്നണിയുടെ ഫലമാണെന്നും മുസ്‌ലീം ലീഗിന്റെ സഹായം കൊണ്ടാണെന്നും അതിശയോക്തിയോടെ കോൺഗ്രസ് വിരു

ളാർ പറഞ്ഞു പരത്തുന്നുണ്ട്. സ്വയം ആശ്വസിക്കുന്നതിനു വേണ്ടി അവർ പറയുന്നതു് മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ കോൺഗ്രസ് നേതാക്കൾ തന്നെ ഈ ധാരണ പരത്തിയിട്ടുണ്ട്. തുടക്കം മുതൽക്കു തന്നെ അവർ കോൺഗ്രസിന്റെ ശക്തിയെക്കുറിച്ചു ബോധവാന്മാരല്ലായിരുന്നു. ഐക്യമുന്നണിയെ വിട്ടുള്ള നിലനിൽപ്പിനെപ്പററി അവർ ചിന്തിച്ചിട്ടു തന്നെയില്ല. ജയിക്കാനും ഭരിക്കാനുംവേണ്ടി കോൺഗ്രസ് ഒററക്കു മത്സരിക്കണമെന്നാവശ്യപ്പെട്ടവരെ കെ. പി. സി. സി. നേതാക്കൾ അവഗണിക്കുകയാണ് ചെയ്തതു.

വലതു കമ്യൂണിസ്റ്റു നേതൃത്വത്തിലുള്ള ഐക്യമുന്നണിക്കു കോൺഗ്രസ് നേതാക്കൾ അടിമപ്പെട്ടുപോയതിന്റെ ഫലമായിട്ടാണ് ഒററക്കു മത്സരിക്കുന്നതിനെപ്പററി അവർക്കു ചിന്തിക്കാൻ സാധിക്കാതെ പോയത്. പ്രത്യേകം തെരഞ്ഞെടുപ്പ് പ്രകടന പത്രികയെല്ലാം ഉണ്ടാക്കിയെങ്കിലും ഭൂരിപക്ഷം മണ്ഡലങ്ങളിലെങ്കിലും മത്സരിക്കാതിരുന്ന കോൺഗ്രസിനെ ഐക്യമുന്നണിയിലെ ഒരു കക്ഷി മാത്രമായിട്ടു മാത്രമേ വോട്ടർമാർ പരിഗണിച്ചുള്ളു. കോൺഗ്രസ് നേതാക്കളുടെ തെരഞ്ഞെടുപ്പ് പ്രചരണവും അത്തരത്തിലായിരുന്നു. അച്യുതമേനോന്റെ നേതൃത്വത്തിൽ ഒമ്പതുമാസക്കാലം നടന്ന ഭരണത്തെ ഇ. എം. എസിന്റെ നേതൃത്വത്തിലുള്ള മുപ്പത്തിയൊന്നു മാസത്തെ ഭരണവുമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു കോൺഗ്രസിന്റെയും ഐക്യമുന്നണിയുടെയും പ്രചരണമത്രയും. ഒരേ വേദിയിൽ നിന്നുകൊണ്ടു തന്നെ ഐക്യമുന്നണി നേതാക്കൾ ഒമ്പതുമാസത്തെ ഭരണ നേട്ടത്തെ അതിശയോക്തി കലർത്തി പ്രശംസിക്കുന്നതിന് ആമേൻ പറയുന്നതിൽ കവിഞ്ഞു ഫലപ്രദമായി ഒന്നും ചെയ്യാൻ കോൺഗ്രസ് നേതാക്കൾക്കു് തെരഞ്ഞെടുപ്പ് പ്രചരണ രംഗത്ത് സാധിച്ചില്ല.

കോൺഗ്രസ്കാരെ സംബന്ധിച്ചിടത്തോളം ഖേദകരമായ സ്ഥിതിയായിരുന്നു ഇതെന്നു തെരഞ്ഞെടുപ്പ് ഫലങ്ങൾ കണ്ടശേഷം ചില കോൺഗ്രസ്കാരെങ്കിലും കരുതുന്നുണ്ടാവും. ആർ. ശങ്കറിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കോൺഗ്രസ് മന്ത്രിസഭയുടെ നേട്ടങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ പോലും കാര്യമായ നേട്ടമൊന്നുമുണ്ടാക്കാൻ സാധിക്കാതെ വാഗ്ദാനലംഘനം നടത്തി ജനങ്ങളുടെ പ്രതീക്ഷ തകർത്തതായിരുന്നു ഇ. എം. എസിന്റെ നേതൃത്വത്തിലുള്ള ഐക്യമുന്നണി മന്ത്രിസഭ. മുമ്പത്തെ കോൺഗ്രസ് മന്ത്രിസഭ പരിവർത്തന വാദികളായ കോൺഗ്രസ് പ്രവർത്തകർ ആഗ്രഹിക്കുന്നതിന്റെ ചെറിയൊരംശം നേട്ടം പോലും ഉണ്ടാക്കിയിട്ടില്ല. എന്നാലും കേരളത്തിലുണ്ടായ മററു മന്ത്രി സഭകളെക്കാളും മെച്ചപ്പെട്ട രീതിയിൽ ആർ. ശങ്കർ മുഖ്യമന്ത്രിയായുള്ള കോൺഗ്രസ് ഗവർമ്മെണ്ട് ഭരണം നടത്തിയെന്നതിന് നിഷേധിക്കാനാവാത്ത തെളിവുകളുണ്ട്. പക്ഷെ കെ. പി. സി. സി നേതാക്കൾക്ക് അതൊന്നും പ്രചാരണായുധമാക്കാൻ കഴിഞ്ഞില്ല.

ഈ സന്ദർഭത്തിൽ കെ. പി.സി. സി പ്രസിഡൻറ് കെ. കെ. വിശ്വനാഥൻ മുമ്പൊരിക്കൽ ചെയ്ത പ്രസ്താവനയാണ് ഓർമ്മവന്നതു്. ഇ. എം. എസ്സ് മന്ത്രിസഭയിൽ അംഗമായിരിക്കെ പി. കെ കുഞ്ഞ് ചെയ്ത പ്രസ്താവനയെപ്പററിയാണ് വിശ്വനാഥൻപറഞ്ഞത്. ഇ. എം എസ്സ് മന്ത്രിസഭയിൽ അംഗമായിരിക്കാൻ നാണം തോന്നുന്നുവെന്ന് കോട്ടയത്തു വെച്ച് പി. കെ. കുഞ്ഞ് പത്രപ്രസ്താവന നടത്തി. ഇതിനെ പരാമർശിച്ചു കൊണ്ട് അന്നത്തെ കെ. പി.സി.സി സെക്രട്ടറി കെ. കെ. വിശ്വനാഥൻ പറഞ്ഞതിങ്ങിനെയാണ്. മന്ത്രിമാർക്കു കൂട്ടുത്തരവാദിത്വമാണുള്ളതെന്നും പി.കെ. കുഞ്ഞ് രാജി വെക്കുകയാണ് വേണ്ടതെന്നും വിശ്വനാഥൻ പറയുകയുണ്ടായി. അതേ വിശ്വനാഥൻ തന്നെ ഇ. എം. എസ്സ് മന്ത്രിസഭയിൽ അംഗങ്ങളായിരുന്നവരുൾപ്പെട്ട, ആ മന്ത്രിസഭയിൽ പങ്കാളികളായ കക്ഷികൾ ചേർന്നുള്ള ഒരുമന്ത്രിസഭ സ. അച്യുതമേനോന്റെ നേതൃത്വത്തിൽ പെട്ടെന്നുണ്ടായപ്പോൾ പഴയ കൂട്ടുത്തരവാദിത്വമെല്ലാം മറന്നു പ്രശംസിക്കാനാരംഭിച്ചത് വല്ലാത്ത വിരോധാഭാസമാണ്. ഇ. എം. എസ്സ്. മന്ത്രിസഭയുടെ മുപ്പത്തിയൊന്നു മാസത്തെ ഭരണത്തിന്റെ എല്ലാ കുററങ്ങൾക്കും കുറവുകൾക്കും കൂട്ടുത്തരവാദിത്വം വഹിക്കേണ്ടവർ തന്നെ അച്യുതമേനോനെ മുഖ്യമന്ത്രിയാക്കിയതോടെ നിരപരാധികളാകുന്നത് അന്ധമായ മാർക്സിസ്റ്റ് വിരോധത്തിന്റെ ഫലമായിരിക്കണം.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എല്ലാ രാഷ്ട്രീയ കക്ഷികളുടേയും തെരഞ്ഞെടുപ്പ് പ്രചരണ രീതികൾ തീരെ ഫലപ്രദമായിരുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയും കൂട്ടുകാരും കോൺഗ്രസ് വിരോധം ആവർത്തിക്കുക മാത്രമാണ് ചെയ്തതു്. ഇതേ മുദ്രാവാക്യം വെച്ചുകൊണ്ടുതന്നെ 1967ൽ തെരഞ്ഞെടുപ്പിൽ മത്സരിച്ച് വമ്പിച്ച ഭൂരിപക്ഷം നേടിയ ശേഷം മുപ്പത്തിയൊന്നും മാസക്കാലം ഭരിച്ചവരാണ് തങ്ങളെന്ന വസ്തുത മാർക്സിസ്റ്റ് മുന്നണിക്കാർ മറച്ചുവെക്കാൻ ശ്രമിച്ചു. അത് സ്വാഭാവികവുമായിരുന്നു. കാരണം മുപ്പത്തിയൊന്നു മാസക്കാലത്തെ ഭരണത്തിൽ അഭിമാന പൂർവ്വം ജനങ്ങളുടെ മുമ്പാകെ വെക്കത്തക്ക നേട്ടങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. അത്കൊണ്ടു തന്നെയാണ് മാർക്സിസ്റ്റ് മന്നണിക്കാർ പരാജയപ്പെട്ടതും.

പ്രചരണ രംഗത്ത് മാർക്സിസ്റ്റ് മുന്നണിയുടെ വൈരുദ്ധ്യം പ്രത്യക്ഷപ്പെട്ടതു്. മുസ്ലീം ലീഗിനോടുള്ള സമീപനത്തിലാണ്. 'കോൺഗ്രസ് നിങ്ങളെ ചതിക്കും' എന്നു മാർക്സിസ്റ്റ്കാർ മുസ്‌ലീം ലീഗിനെച്ചൊല്ലി വിലപിക്കുന്ന കാഴ്ചയാണ് കണ്ടത്. മുസ്‌ലീഗിന്റെ വർഗീയതയെക്കുറിച്ചോ പിന്തിരിപ്പൻ സ്വഭാവത്തെക്കുറിച്ചോ മാർക്സിസ്റ്റ് നേതാക്കൾക്കുപരാതിയുണ്ടായിരുന്നില്ല.

മുപ്പത്തിയൊന്നു മാസത്തെ ഭരണകാലത്ത് എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിനു തുല്യഉത്തരവാദിത്വം വഹിക്കേണ്ടവരാണെന്നു് മുസ്‌ലീംലീഗ് കാരും വലതു് കമ്യൂണിസ്റ്റ്കാരും എന്നു ധീരതയും മാർക്സിസ്റ്റ് മുന്നണി പ്രകടിപ്പിച്ചില്ല. മുസ്‌ലീം ലീഗ്കാരെ ഞങ്ങൾ മന്ത്രിയാക്കിയിട്ടില്ലേ, മുസ്‌ലീം ലീഗിനു വേണ്ടി ഞങ്ങൾ അതു ചെയ്തില്ലേ, ഇതു് ചെയ്തില്ലേ' എന്നൊക്കെയായിരുന്നു മാർക്സിസ്റ്റ് നേതാക്കളുടെ ചോദ്യം. മുസ്‌ലീം ലീഗാകട്ടെ അതൊക്കെ തങ്ങൾ മാർക്സിസ്റ്റ്കാരെക്കൊണ്ടു് ചെയ്യിച്ചതാണെന്നും ഇനി ഇതിലും കൂടുതൽ കാര്യങ്ങൾ കോൺഗ്രസ്കാരെക്കൊണ്ടു് ചെയ്യിക്കാൻ പോകയാണെന്നും പ്രചരിപ്പിച്ചു. അടുത്ത് തന്നെ മുസ്‌ലീംലീഗ് കേന്ദ്രഭരണത്തിലും പങ്കാളിയാകുമെന്നു അവർ പറഞ്ഞു പരത്തി. മുസൽമാൻമാർ മതാടിസ്ഥാനത്തിൽ മുസ്‌ലീംലീഗിന്റെ കീഴിൽ സംഘടിച്ച് 'ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി' വാദിക്കുന്നത് ശരിയാണെന്നു അംഗീകരിച്ചു മാർക്സിസ്റ്റ് മുന്നണിക്കു് മുസ്‌ലീഗിനെ എതിർക്കാനുള്ള കരുത്ത് ഉണ്ടാകാതെ

(ശേഷം 15—ാം പേജിൽ)

# എഴുതാപ്പുറം

ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് കേരളത്തിൽ വർഗ്ഗീയകക്ഷിയായി പ്രവർത്തിക്കുന്നില്ലെന്നു പ്രധാനമന്ത്രി ഇന്ദിരാഗാന്ധി സമ്മതിപത്രം നൽകിയിരിക്കുന്നു. അഹമ്മദാബാദിൽ 'മീററ് ദി പ്രസ്സ്' പരിപാടിയിൽ പങ്കെടുത്തുകൊണ്ടാണ് ഇന്ദിര ഇങ്ങനെ പറഞ്ഞത്. ഇന്ദിരയുടെ പ്രസ്താവന ഇന്ത്യയൊട്ടാകെയുള്ള മുസ്ലീം ലീഗുകാർക്കു് ഉത്തേജനം നൽകിയിട്ടുണ്ട്. മുസ്ലിംലീഗ് വർഗ്ഗീയ കക്ഷിയല്ലാത്തതുകൊണ്ടല്ല മുസ്ലീം ലീഗ്കാർക്കു ഇന്ദിരയുടെ പ്രസ്താവന പ്രോത്സാഹജനകമായിട്ടുള്ളത്. വർഗ്ഗീയതയില്ലാത്ത കക്ഷിയാണെന്ന സർട്ടിഫിക്കേററാണ് അവർക്കു് ഏററവും കൂടുതൽ ആവശ്യം. ഹിന്ദുക്കളും മുസ്ലീമുകളും രണ്ട് രാഷ്ട്രമാണെന്നും ഇരു കൂട്ടർക്കും രണ്ട് സംസ്കാരമാണുള്ളതെന്നും വാദിക്കുകയും അതിന്റെയടിസ്ഥാനത്തിൽ പാക്കിസ്ഥാൻ ഉണ്ടാക്കുകയും ചെയ്ത മുസ്ലീംലീഗ്കാർ ആരുംതന്നെ ഈ വാദങ്ങൾ ഇന്നു ഉന്നയിക്കാൻ ധൈര്യപ്പെടുന്നില്ല. ന്യൂനവർഗ്ഗാവശ്യം മുസ്ലീംലീഗിന്റെ നിലപ്പിനുള്ള ന്യായീകരണമാണ് ഇന്ദിരാഗാന്ധിയെ പോലുള്ളവർ ഈ ന്യായീകരണം അവർക്കു നൽകുകയാണ്. മതന്യൂനപക്ഷക്കാരായ മുസ്ലീമുകൾ മതാടിസ്ഥാനത്തിൽ സംഘടിക്കുന്നതും 'അവരുടെ പ്രത്യേകാവകാശങ്ങൾ' ക്കുവേണ്ടി വാദിക്കുന്നതും വർഗ്ഗീയതയല്ലെന്നാണ് ഇന്ദിര ചുരുക്കത്തിൽ സമ്മതിച്ചു കൊടുക്കുന്നത്. ഇനി കോൺഗ്രസ്സിലും മററു രാഷ്ട്രീയ കക്ഷികളിലുമുള്ള മുസ്ലീമുകൾ മുസ്ലീംലീഗിൽ ച്ചേരണമെന്ന് ഇന്ദിര ആഹ്വാനം നൽകുമോ യെന്നറിഞ്ഞുകൂട

കേരളത്തിൽ പ്രവർത്തിക്കുന്നതുപോലെ തന്നെയാണ് മുസ്ലീം ലീഗ് ഇന്ത്യയൊട്ടാകെ പ്രവർത്തിക്കുന്നതെന്നും അഖിലേന്ത്യാ മുസ്ലീം ലീഗ് പ്രസിഡൻറ് ഖായ്ദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ പ്രസ്താവിച്ചു കഴിഞ്ഞു. കേരളത്തിനകത്ത് ഇന്ദിര നൽകിയ സർട്ടിഫിക്കേററിനു അഖിലേന്ത്യാടിസ്ഥാനത്തിൽ വില കല്പിക്കണമെന്നാണ് മുസ്ലീംലീഗിന്റെ ആവശ്യം. ഇതേവരെ തനിനിറം പുറത്തുകാണിക്കാൻ ധൈര്യപ്പെടാതിരുന്ന പല പഴയ മുസ്ലീംലീഗുകാരും ഇന്ദിരയുടെ പ്രസ്താവനയോടുകൂടി പ്രച്ഛോദനംകൊണ്ടു പുറത്തു ചാടിയിട്ടുണ്ട്. ഇന്ദിരയുടെ പ്രസ്താവന പുതുയുഗപ്പിറവിയെയാണ് കുറിക്കുന്നതെന്നു ചില മുസ്ലീം പഴഞ്ചന്മാർ പ്രഖ്യാപിച്ചു കഴിഞ്ഞു.

കേരളത്തിനകത്തെ മുസ്ലീം ലീഗിനു ഇന്ത്യാ യൂണിയൻ മുസ്ലീം ലീഗുമായിഒരു ബന്ധവുമില്ലെന്നു ഏതെങ്കിലും മുസ്ലീം ലീഗ് നേതാവ് എപ്പോഴെങ്കിലും പ്രസ്താവിച്ചിട്ടുള്ളതായി ഇന്ദിരക്കു് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ഇന്ദിരയുടെ ഇപ്പോഴത്തെ അഭിപ്രായം വിഭജനത്തിനുമുമ്പ് കോൺഗ്രസ്സ് നേതാക്കൾക്കു് ഉണ്ടായിരുന്നെങ്കിൽ പാക്കിസ്ഥാൻ തന്നെ ഉണ്ടാകുമായിരുന്നില്ലെന്നു മുസ്ലീം ലീഗ് അഭിപ്രായപ്പെട്ടു കഴിഞ്ഞു. ഇത് ശരിയാണെന്നു ഇന്ദിരക്കും കോൺഗ്രസ്സ് നേതാക്കൾക്കും അഭിപ്രായമുണ്ടോ?

ഇത്തരം അഭിപ്രായം വെച്ചുപുലർത്തുന്ന അല്പജ്ഞരായ ചില ഇടതുപക്ഷക്കാരുണ്ട്. എന്നാൽ കോൺഗ്രസ്സ് നേതാക്കൾ ഇതേവരെ അക്കൂട്ടത്തിൽപ്പെട്ടു കണ്ടിട്ടില്ല. ഉത്തർപ്രദേശിൽ മുസ്ലീം പ്രമാണിമാർ അനർഹമായി അനുഭവിച്ചുവന്ന ആനുകൂല്യങ്ങൾ പോയിപ്പോവുമോ, എന്നു ഭയന്നാണ് ആ പ്രമാണികൾ വിഭജനവാദം കൊണ്ടുവന്നതെന്നു് ചരിത്രം നിഷ്പക്ഷമായി പഠിച്ചവർക്കറിയാം. ഉത്തർപ്രദേശിലെ മുസ്ലീം ബ്രാഹ്മണ്യമാണ് ഇന്ത്യാവിഭജനവാദത്തിന്റെ ഉറവിടം. അല്ലാതെ മുസ്ലീമുകൾ അനുഭവിച്ചുവന്ന സാമൂഹ്യമായ അവശതയൊന്നുമല്ല. ഇതു് മനസ്സിലാക്കാതെ, അതേ പ്രമാണിമാർക്കു നേതൃത്വമുള്ള മുസ്ലീംലീഗിനുവേണ്ടി പ്രചരണം നടത്തി മുസ്ലീം ജനസാമാന്യത്തെ വീണ്ടും വർഗ്ഗീയതയുടേയും പഴഞ്ചത്തത്വത്തിന്റേയും പിടിയിലേക്കു തള്ളിവിടുകയാണ് ഉത്തരം പ്രസ്താവനവഴി ഇന്ദിര ചെയ്യുന്നതു്.

കേരളത്തിനകത്തും മുസ്ലീം ലീഗ് വർഗീയ കക്ഷിതന്നെയാണ്. അധികാരത്തിൽവന്ന ചുരുങ്ങിയദിവസത്തിനുള്ളിൽ വിദ്യാർത്ഥികൾക്കിടയിൽ വരെ വിഭാഗീയത വളർത്താൻ മുസ്ലീംലീഗ് ശ്രമിച്ചിട്ടുണ്ട്. വെള്ളിയാഴ്ച പരിഷ്ക്കാരങ്ങളും അനാവശ്യമായ അറബി പ്രചരണവും മുസ്ലീം ലീഗിന്റെ സംഭാവനയാണ്. പൊതുപ്പണം ദുർവ്വിനിയോഗം ചെയ്ത് അനാവശ്യമായ അറബി വിഭാഗങ്ങൾ സൃഷ്ടിച്ചു് പ്രൊഫസർമാരെ നിയമിച്ചതിനെതിരെ കോളേജധ്യാപകർ മുറുമുറുപ്പ് തുടങ്ങിയിട്ടുണ്ട്. കുറച്ചു വർഷം കഴിഞ്ഞാൽ പ്രൊഫസർമാരുടെ സീനിയോറിട്ടി പ്രകാരം ഈ അറബി മുൻഷിമാരെല്ലാം ഒരേ കാലത്ത് കോളേജുകളുടെതലപ്പത്ത് പ്രിൻസിപ്പൽമാരായി വരുമെന്നാണ് ഇവരുടെ ഭയം. അറബി പഠിപ്പിച്ചതുകൊണ്ട് എന്തെങ്കിലും ഗുണം കേരളത്തിലുള്ളവർക്കുള്ളതുകൊണ്ടാണോ മുസ്ലീം ലീഗിന്റെ ഇത്തരം പരിഷ്ക്കാരങ്ങൾ? മുസ്ലീം ലീഗിന്റെ ദേശാന്തരീയ കൂറും വിഭാഗീയതയും മനസ്സിലാക്കാൻ കേരളത്തിലെ മുസ്ലീംലീഗ് മന്ത്രിയുടെ പരിഷ്ക്കാരങ്ങൾ തന്നെ നോക്കിയാൽ മതിയാകും. കേരളത്തിലെ ഇന്ദിരയുടെ അനുയായികൾ അതേ മുസ്ലീം ലീഗ് മന്ത്രിയുടെ തോന്ന്യാസങ്ങളുടെ നേരെ ഇനിയും കണ്ണടക്കുമായിരിക്കണം. എന്നാൽ മുസ്ലീം ലീഗിന്റെ വർഗീയതയും വിഭാഗീയതയും തുറന്നു കാണിക്കാൻ പുരോഗമനവാദികൾ ജാഗ്രൂകരായിരിക്കണം.

* * *

സ്വന്തം വീട് നോക്കാത്തവനാണ് നാട്ട് നന്നാക്കാൻ പോണത്, ആദ്യം വീട് നന്നാക്കട്ടെ— പിന്നെയാവാം നാട് നന്നാക്കൽ, രാഷ്ട്രീയപ്രവർത്തകരായ പലർക്കും കാരണവന്മാരുടെ ഈ ശകാരം കേൾക്കേണ്ടി വന്നിട്ടുണ്ടാവും. ഇനി വല്ല കാരണവന്മാരും ഇങ്ങനെ ചെറുപ്പക്കാരെ ശകാരിക്കുമ്പോൾ ഒരു ഉപദേശം കൂടി അവർക്കു നൽകാനിടയുണ്ട്. ഇന്ദിരാഗാന്ധിയെ കണ്ടു പഠിക്കണം. എന്നായിരിക്കും ചെറുപ്പക്കാരോട് കാരണവന്മാർ ഉപദേശിക്കാൻ പോകുന്നത്.

ഇന്ദിര ചോദിച്ചിരിക്കുന്നതു കണ്ടോ? ഞാൻ എന്റെ മകനെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ മററു ചെറുപ്പക്കാരോട് സാഹസികത്വം കാണിക്കാൻ എനിക്കു എങ്ങിനെ പറയാൻ കഴിയും. ?ഇതാണ് പ്രധാന മന്ത്രി ഇന്ദിരയുടെ ചോദ്യം. ഇതു് പറയാനുള്ള സാഹസികത്വം കാണിച്ച ഇന്ദിരേ കൈതൊഴാം. അവിടുന്ന്, ചെറുകിട കാർ നിർമ്മാണത്തിനു വേണ്ടി (ലെററർ ഓഫ് ഇൻറന്റ്) മകനു നൽകിയതിനെപ്പററി ആരു് ആക്ഷേപിച്ചാലും ഭയപ്പെടുകയില്ലെന്നു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. പക്ഷെ ചിലസംശയങ്ങൾ. എസ്സ്.എസ്സ്.പി. നേതാവ് ജോർജ് ഫർണാണ്ടസ്സ് ഇന്ദിര മകനെ പ്രോൽസാഹിപ്പിച്ചതു് ചോദ്യം ചെയ്തിരിക്കയാണ്.

ഇന്ദിരയുടെമകൻ സഞ്ജയിനു ലണ്ടനിൽ റോൾസ് കമ്പനിയിൽ ഫിററരായി ജോ

ലി നോക്കിയതിൽ കവിഞ്ഞ് ചെറുകിട കാർ നിർമ്മാണത്തിനു വേണ്ടയോഗ്യതയൊന്നുമില്ലെന്നാണ് ജോർജ്-ഫർണ്ണാണ്ടസ്സിൻെറ അഭിപ്രായം. ആറുമാസം മുമ്പ് ഇന്ത്യൻ ഓയിൽ കമ്പനിയുടെ ഒരു പെട്രോൾ ബങ്കിനു വേണ്ടി-സഞ്ജയ് ഗാന്ധി അപേക്ഷിച്ചിരുന്നുവത്രെ. തൊഴിലില്ലാത്ത ചെറുപ്പക്കാരനെന്ന നിലയിലാണ് സഞ്ജയ് ഗാന്ധി അപേക്ഷ നൽകിയിരുന്നത്. ഈയപേക്ഷ നൽകും.മുമ്പേ തന്നെ ചെറുകിടകാർ നിർമ്മാണ സംരംഭങ്ങളിൽ സഞ്ജയ് ഗാന്ധി ഏർപ്പെട്ടിരുന്നതായി കേട്ടിരുന്നു. പക്ഷെ അന്നൊന്നും ലററർ ഓഫ് ഇൻറൻ്റ് ഇന്ത്യാഗവൺമെണ്ട് സഞ്ജയിനു നൽകുകയുണ്ടായില്ല.

ഇൻഡസ്ട്രിയൽ ലൈസൻസിങ്ങ് കമ്മററിയുടെ ചെയർമാനായി ഇന്ദിര വന്നതിനു ശേഷം ചെയ്ത ആദ്യത്തെ മുഖ്യജോലി മകനു ചെറുകിട കാർ നിർമ്മാണത്തിനു ലററർ ഓഫ് ഇൻറൻ്റ് നൽകലാണെന്നാണ് എസ്സ്. എസ്സ്. പി. നേതാവ് പറയുന്നത്. ചുരുങ്ങിയത് അഞ്ചാറു കൊല്ലം മുമ്പെങ്കിലും ചെറുകിട കാർ നിർമ്മാണത്തിനു ലൈസൻസ് നൽകണമെന്നു അപേക്ഷിച്ചിരുന്നു. പിന്നീട് ഉത്തർ പ്രദേശ് ഗവമ്മെണ്ടും കേരള ഗവമ്മെണ്ടും പൊതുമേഖലയിൽ തന്നെ ചെറുകിട നിർമ്മാണത്തിനു ലൈസൻസ് കിട്ടുന്നതിനു അപേക്ഷ നൽകിയിരുന്നതാണ്. വർഷങ്ങളോളം അതൊക്കെ തട്ടിൻപുറത്ത് കയററി വെച്ചിരിക്കുകയായിരുന്നു ഇപ്പോൾ ഇന്ദിരയുടെ മകനു പെട്ടെന്നു ചെറുകിട കാർനിർമ്മാണത്തിനുലൈററർ ഓഫ് ഇൻറൻ്റ് നൽകിയത് സ്വജനപക്ഷപാതമാണെന്നു ആരെങ്കിലും സംശയിച്ചാൽ കുററപ്പെടുത്താനാവില്ല.

ഇന്ദിരാ ഗാന്ധി പുത്രവാത്സല്യമുള്ളയാളാണെന്നു സമ്മതിക്കണം. മകൻ ചെറുകിടകാർഡിസൈൻചെയ്യും.മുമ്പേതന്നെഎല്ലാചെറുപ്പക്കാരും പുതിയസംരംഭങ്ങളിൽ ഏർപ്പെടുത്തണമെന്ന് അവർ ആഹ്വാനം നൽകിയിരുന്നില്ലേ? എന്നിട്ട് ആരെങ്കിലും അത് ചെവിക്കൊണ്ടോ? അനുസരണയുള്ള മകൻ മാത്രംഅമ്മയുടെ ആഹ്വാനം കേട്ട് ചെറുകിട കാറുണ്ടാക്കി. കയ്യിലുള്ളപണം മുടക്കി നല്ലവണ്ണം ഉത്സാഹിച്ച് സഞ്ജയ് ഒരു കാറുണ്ടാക്കിപ്പോൾ അസൂയാലുക്കൾ ആക്ഷേപിക്കുന്നതിൽ വല്ലയർത്ഥവുമുണ്ടോ? ലൈസൻസ് നൽകിയിട്ടില്ല. ലൈസൻസ് കിട്ടുമോ എന്നുതനിക്കു അറിഞ്ഞുകൂട. എന്നൊക്കെ ഇന്ദിര എത്ര നിഷ്പക്ഷമായിട്ടാണ് പറഞ്ഞിരിരിക്കുന്നതു്. പക്ഷെ ഒരുകാര്യം. അത് യാതൊരു വിദേശ സഹായവും കൂടാതെ നിർമ്മിച്ചിട്ടുള്ള കാറാണെന്നും മററുള്ളവരൊക്കെ വിദേശസഹായവും സ്വീകരിച്ച് കാറുണ്ടാക്കാൻ പുറപ്പെട്ടവരാണെന്നും മകനുണ്ടാക്കിയ കാർ ഇന്ത്യയുടെ സാഹചര്യങ്ങൾക്ക് ഏററവും അനുയോജ്യമായതാണെന്നും കൂടി ഇന്ദിരാഗാന്ധി പരസ്യപ്രസ്താവനചെയ്തു കഴിഞ്ഞു. എൻെറ മകൻ നല്ല ഉത്സാഹം കാണിച്ച് സ്വന്തം മാതൃകയിൽ കാറുണ്ടാക്കിയപ്പോൾ വേണ്ടയെന്നു പറയാനൊക്കുമോ? അതാണ് ഇന്ദിരയുടെ ചോദ്യം ഇനി സംശയിക്കേണ്ടയാവശ്യമില്ല മകനെ പ്രോത്സാഹിപ്പിക്കാൻ സഞ്ജയിനു തന്നെ ഇന്ദിര ലൈസൻസ് നൽകും. ആദ്യം കുടുംബം നന്നാക്കലിനു് സോഷ്യലിസത്തിൻെറ ആദ്യപടിയെന്നു ഇന്ദിരമാതൃക കാണിക്കാൻ പോകയാണ്.

ഇന്ദിരയുടെ പുത്രവാത്സല്യത്തെ നാളെ ഇന്ദിരാകോൺഗ്രസ്സുകാരെല്ലാം വാഴ്ത്തുമെന്നതിൽ സംശയിക്കേണ്ട. അവർ ഇന്ദിരയുടെപരിപാടിനടപ്പാക്കുന്നവരാണല്ലോ അഭിമാനപൂർവ്വം പറയുന്നത്. ഇത് കേട്ടിട്ടായിരിക്കണം മുമ്പൊക്കെ കോൺഗ്രസ്സിൻെറ പരിപാടിക്കു പിന്തുണ നൽകണമെന്നും പ്രസംഗിച്ചു നടക്കുന്നത്.

കേരളത്തിൽ മുമ്പ് മുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കർ ഏതോ അകന്നബന്ധുവിനു അർഹമായ ടെക്ക് കൊടുത്താൽ വിരോധമില്ലെന്നു പറഞ്ഞത് വലിയ അഴിമതിയും സ്വജന പക്ഷപാതപരമാണെന്നു ആരോപണമുണ്ടായതായി ഓർക്കുന്നു. അന്നു ജുഡീഷ്യൽ അന്വേഷണവും നടത്തുകയുണ്ടായി. ഇതിനേക്കാളൊക്കെ എത്രയോ ഗുരുതരമായ ആരോപണമാണ് പ്രധാനമന്ത്രിക്കെതിരെ ജോർജ് ഫർണാണ്ടസ്സ് ഉന്നയിച്ചിരിക്കുന്നത്. അന്വേഷണം നടത്തേണ്ട കാര്യം തന്നെയാണിത്.

ഇന്ദിരാ കോൺഗ്രസ്സ കാർ മാത്രമല്ല, സിൻഡിക്കേററുകാരും മററും അന്വേഷണം നടത്തണമെന്നാവശ്യപ്പെടുമോ എന്നു സംശയമാണ്. പ്രധാനമന്ത്രിയുടെ മകൻകൽക്കത്തയിലെവിടേയോ കഷ്ടപ്പെട്ട് പണിയെടുക്കുന്നതിനെ പ്പററി മുമ്പൊരിക്കൽ ഒരുലോക സഭാംഗം പരസ്യമായി വിലപിക്കുകയും കണ്ണീരൊഴുക്കുകയുംചെയ്തു. ഈ രാജ്യത്തെ ലക്ഷോപലക്ഷം യുവാക്കൾ പണിയെടുക്കാൻ തയാറാണെങ്കിലും പണികിട്ടാതെ കഷ്ടപ്പെടുന്നതിൽ വലിയ ദുഃഖമൊന്നുമില്ലാത്തവരാണിവർ സഞ്ജയ് രാജകുമാരൻ പണിയെടുക്കുന്നു!! അവർക്കു് അതു് ചിന്തിക്കാൻ പോലും സാദ്ധ്യമല്ല.

ചെറുകിട കാർ നിർമ്മിക്കേണ്ടതു ഈ രാജ്യത്ത് മുൻഗണന നൽകേണ്ട കാര്യമാണോ? വേണ്ടത്ര ബസ്സും ലോറിയും ഇല്ലാത്ത ഈ രാജ്യത്ത് ആദ്യം നിർമ്മിക്കേണ്ടതു് കാറാണോ? ഇത്രയും കാലം കാർ നിർമ്മാണത്തിനു ആർക്കും ലൈസൻസ് നൽകാതിരുന്നതു് പെട്ടെന്നു പ്രധാന മന്ത്രിയുടെ മകനു് അത് നൽകിയതു് ശരിയാണോ? സ്വകാര്യമേഖലയിൽ മാത്രം ഇപ്പോൾ തന്നെ കാർ നിർമ്മാണം നടന്നു കൊണ്ടിരിക്കെ വീണ്ടും സ്വകാര്യമേഖലയിൽ ചെറുകിട കാർ നിർമമിക്കാൻ ലൈസൻസ് നൽകുന്നതു് എന്തുകൊണ്ടാണ്? തൊഴിലില്ലാത്ത യുവാക്കളിലൊരാളായ സഞ്ജയിനു അഞ്ചുകോടി രൂപ ചിലവുവരുന്ന കാർ ഫാക്ടറിക്കു് ആരാണ് പണം നൽകുക? ഏതെങ്കിലും സ്വകാര്യ വ്യവസായി സഞ്ജയിൻെറ പേരിൽ ലൈസൻസ് കിട്ടാൻ ശ്രമിച്ചിട്ടുണ്ടോ? ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങൾ അവശേഷിക്കുകയാണ്.

'നിർണ്ണയം' വാരികയുടെ വരിക്കാവുന്നതിനും ഏജൻസി വ്യവസ്ഥകൾക്കും എഴുതേണ്ട മേൽ വിലാസം.

മാനേജർ 'നിർണ്ണയം'
കോൺവെൻറ് റോഡ്
എറണാകുളം, കൊച്ചി-11
വാർഷിക വരിസംഖ്യ 16ക.
അർദ്ധവർഷത്തേക്കു് 8ക.

# പ്രിവിപേഴ്സിൻെറ രൂപാന്തരപ്രാപ്തി

### നൈനാൻ

രാജാക്കന്മാരുടെ പ്രിവിപെഴ്സും പ്രത്യേകാനുകൂല്യങ്ങളും നിർത്തലാക്കിയതിനെച്ചൊല്ലി ആക്ഷേപങ്ങളും പ്രശംസകളും ഏറെ നടന്നുകഴിഞ്ഞു. പുകഴ്ത്തിയവരും ഇകഴ്ത്തിയവരും മുൻവിധിയോടെയാണ് വിവാദങ്ങൾക്കൊരുമ്പെട്ടതെന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ടുതന്നെ വ്യക്തമായൊരു ധാരണ ജനങ്ങൾക്ക് ലഭിക്കാൻ കഴിയാതെപോയിട്ടുണ്ടെന്ന് കരുതേണ്ടതുണ്ട്.

ഇന്ത്യൻ നാടുവാഴിത്തത്തിന് വിദേശനാടുവാഴിത്തവുമായി സമാനതയുണ്ടെന്നു തോന്നാമെങ്കിലും പരിഗണനനീയമായ വൈജാത്യവുമുണ്ട്. ജനങ്ങളും നാടുവാഴിത്തഭരണവും തമ്മിലുള്ള അകൽച്ചയാണതിൽ പ്രധാനമായത്. ഹൈന്ദവ സിദ്ധാന്തം ജന്മംനൽകിയ ചാതുർവർണ്യം നാലു ജാതികളെ മാത്രമേ അംഗീകരിച്ചിരുന്നുള്ളൂ. ബ്രാഹ്മണർ, ക്ഷത്രിയർ. വൈശ്യർ, ശൂദ്രർ, ഇവയെല്ലാംതന്നെ ബ്രാഹ്മണ്യത്തിന് കീഴ്പ്പെടുത്തിയുമിരുന്നു. ഈ നാലു ജാതികൾക്കു പുറത്തുള്ള ബഹുഭൂരിപക്ഷം ജനങ്ങൾ അവഗണിക്കപ്പെട്ടു. അവർക്ക് എന്തെങ്കിലുമവകാശമുള്ളതായി അംഗീകരിച്ചില്ല. അവർ അടിമകളും മർദിതരുമായിക്കഴിഞ്ഞു. അവർ രാജാവിനെയോ രാജാവിൻെറ ഗവർമെണ്ടിനെയോ ആദരിക്കുകയോ അംഗീകരിക്കുകയോ ചെയ്തില്ല. ആദരിക്കുന്നതോ ആദരിക്കാതിരിക്കുന്നതോ എങ്ങിനെയെന്നുപോലും അവരറിഞ്ഞില്ല. അവർക്ക് ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടെന്ന് അവർതന്നെയോ അവരെ ചവിട്ടി അരയ്ക്കുന്നവരോ അറിഞ്ഞില്ല. അവർ വേലയെടുക്കാനും അടിമത്തംപേറാനും അവമതിക്കപ്പെടാനും അർഹരെന്ന് അവരും മേലാളരും കരുതി. അവർ അനന്തമായ അജ്ഞതയിൽ, ദാരിദ്ര്യത്തിൽ മൂകതയിൽ, ചിന്താശൂന്യതയിൽ വസിച്ചു, അവർക്ക് രാജ്യമില്ല. രാജാവുമില്ല. ഭയപ്പെട്ടതുകൊണ്ട് അവർ എല്ലാററിനും വിധേയരായി. അവർക്ക് എല്ലാവരും അന്യരായിരുന്നു, ഭയകാരണമായിരുന്നു

അതുകൊണ്ട് ആക്രമിച്ചടുക്കുന്ന എല്ലാ അരാതികൾക്കുമുൻപിലും അവർ പകച്ചുനിന്നു, കരുണയ്ക്കായി ഇരുന്നു. അനുതാപം കാണിച്ചവരെ സ്നേഹിച്ചു. തോളത്തു കൈവച്ചവരുടെ കാൽക്കൽ വീണു. മുസൽമാന്മാരുടെ ഭരണവും ലന്തക്കാരുടെ ഭരണവും, ഫ്രെഞ്ചുകാരുടെ ഭരണവും, തദ്ദേശനാടുവാഴികളുടെ ഭരണവും അവർക്ക് ഒരുപോലെയായിരുന്നു. ചിലപ്പോൾ ആക്രമണകാരികളാണ് അവരോട് അനുതാപം കൂടുതൽ കാണിച്ചത്. ചവുട്ടിയരയ്ക്കപ്പെട്ടവർ ദൈവത്തിൻെറ മുൻപിലുള്ള മനുഷ്യസമത്വത്തിലും മനുഷ്യർ പരസ്പരമുള്ള സാഹോദര്യത്തിലും ഉറച്ചു നിൽക്കുന്ന ക്രൈസ്തവ മുസ്ലീം മതത്തിൽ ആകൃഷ്ടരായി. ആക്രമണകാരികൾ വേദപുസ്തകവും ഖുർആനും നാട്ടുകാർക്ക് കൊടുത്തു അധികാരവും സമ്പത്തും കയ്യടക്കി. സമത്വം കാണിച്ചതുകൊണ്ടുതന്നെ സർവ്വം മറന്ന് ജനങ്ങൾ അവർക്ക് ഊഴിയ വേല ചെയ്തു.

പശ്ചാത്യരാജ്യങ്ങളിലെ രാജാക്കന്മാരെപ്പോലെ നാടിനെ മുഴുവൻ ഉണർത്തുകയും നാടിനെ മുഴുവൻ വിറപ്പിക്കുകയും ചെയ്തു പടയോട്ടങ്ങൾ നടത്താൻ ഇന്ത്യൻ രാജാക്കന്മാർക്കു കഴിഞ്ഞില്ല. കുടിപ്പകകൾ കഴിഞ്ഞാൽ പിന്നെ വിദേശികളുടെ പക്ഷം ചേർന്ന് പരസ്പരം പടവെട്ടിയ കഥയാണുള്ളതു്. അതിൽ ജനങ്ങൾ കാര്യമായൊന്നും ശ്രദ്ധ ചെലുത്തിയുമില്ല. രാജഭരണത്തിൻെറ ചുമതലയും അതിൻെറ ഉയർന്ന രൂപവമാണ് സർക്കാർ മതം ഉണ്ടാക്കുകയെന്നതു് ചാതുർവർണ്യം കൊണ്ടും അവഗണനകൊണ്ടും അതാകാതെ പോയി. വിദേശികളുടെ ആക്രമണവും വിജയവും അതു് അസ്സാദ്ധ്യവുമാക്കി. ഇന്നും ജാതിമതാദികൾക്ക് ഇന്ത്യൻ ജനാധിപത്യം വിധേയമായിരിക്കുന്നതു് രാജാക്കന്മാർ അവരുടെ ചുമതല നിർവ്വഹിക്കാതിരുന്നതാണ്. പാശ്ചാത്യ രാജ്യങ്ങളിൽ, അറബിരാജ്യങ്ങളിൽ രാജാക്കന്മാർ സർക്കാർ മതം സ്ഥാപിച്ചിരുന്നു. രാജാക്കന്മാർ സമൂഹത്തിന് അർപ്പിക്കുന്ന നന്മ, ഇടപ്രഭുക്കന്മാരെ കീഴ്പ്പെടുത്തി രാജ്യം ഏകീകരിക്കുക, സർക്കാർ മതം സ്ഥാപിക്കുകയെന്നതായിരുന്നു. അതു ചെയ്തില്ല. സ്റ്റേററു മതം സ്ഥാപിക്കാൻ വിഫലശ്രമം നടത്തിയതു് അക്ബർ ചക്രവർത്തി മാത്രമായിരുന്നു.

സ്വാതന്ത്ര്യസമരത്തിൻെറ ഘട്ടമായി. ഒളിഞ്ഞും തെളിഞ്ഞും ബലഹീനമായ സമരങ്ങൾ നടന്നു. മരുമക്കത്തായാവകാശ ചൊല്ലിയുള്ള തർക്കം ഝാൻസിറാണിയെ ബ്രിട്ടീഷുകാർക്കെതിരാക്കി. അതു് അംഗീകരിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നോ? ഏതായാലും അതു് ബ്രിട്ടീഷ് നയതന്ത്രജ്ഞതയ്ക്കു പററിയ പിശകായിരുന്നു. തോക്കിൽ പുരട്ടുന്നതു പന്നിക്കൊഴുപ്പാണെന്ന നുണക്കഥയും അതിനു പിന്നിലുണ്ടായിരുന്നു. ആ ഒരു സംഭവമൊഴിച്ചാൽ വിദേശഭരണത്തെ നില നിർത്താൻ അവർ പരസ്പരം മത്സരിച്ചു: ജനങ്ങളെ മർദ്ദിച്ചൊതുക്കി. സ്വാതന്ത്ര്യ സമരത്തിൻെറ ദൌർബ്ബല്യത്തിനും അപജയങ്ങൾക്കും അപൂർണ്ണമായ സ്വാതന്ത്ര്യത്തിനും കാരണം രാജാക്കന്മാരായിരുന്നു. അവർ രാജ്യത്തെ അതിർത്തിയോളം ഏകീകരിച്ചില്ല. സർക്കാർ മതം സ്ഥാപിച്ചില്ല. ചുരുക്കത്തിൽ മാനവ സമുദായത്തിൻെറ പുരോഗതിക്ക് സഹായമായതൊന്നും ചെയ്തില്ല. എതിരായതെല്ലാം ചെയ്തു. അതുകൊണ്ട് രാജാക്കന്മാര ഒരിക്കലും ആരുടേയും കൃതജ്ഞതയർഹിക്കുന്നില്ല. പക അർഹിക്കുന്നുണ്ടുതാനും.

സ്വാതന്ത്ര്യ സമരം കഴിഞ്ഞു. രാജാക്കന്മാർ അപ്പോഴും പ്രശ്നമായി. അവർ സാമ്രാജ്യത്വത്തിൻെറ ചരടിൽ കിടന്ന് ജനങ്ങൾക്കുംസ്വാതന്ത്ര്യത്തിനുംഎതിരായി ചാടിക്കളിച്ചു. അതപഹാസ്യമാണെന്നും അപജയത്തിൽ കലാശിക്കുമെന്നും അറിയാമായിരുന്നു. എങ്കിലും ധീരത പ്രകടിപ്പിച്ച് ദേശീയ നേതാക്കളെ വിരട്ടുന്നതിൽ വിജയിച്ചു. നാടുവാഴിത്വത്തോടുള്ള വിധേയത്വവും നാടുവാഴിത്തഘടനയിൽ ജീവിച്ചവരുമാണ് സ്വാതന്ത്ര്യസമരത്തെ നയിച്ചിരുന്നതു്. വിരട്ടാൻ കഴിഞ്ഞതതാണ്. നാടുവാഴിത്തത്തിൻേറതായ ഉദാരത അവരിലും കുടിയിരുന്നു. പൊതുമുതലിൽ നിന്ന് ഉദാരത കാണിക്കാൻ ആലോചിക്കേണ്ടതില്ലല്ലോ. ആരാൻെറ പന്തിയിലേ മനം തെളിഞ്ഞു വിളമ്പാനാകൂ. അതിലൂടെയാണ് രാജാക്കന്മാരുടെ പ്രിവിപെഴ്സും പ്രത്യേകാവകാശങ്ങളും കടന്നു വന്നതു്.

രാജാക്കന്മാർ വിചാരിച്ചെങ്കിൽ രക്തപ്പുഴയൊഴുക്കാൻ കഴിയുമായിരുന്നെന്നും സമാധാനവും ജീവനും നഷ്ടപ്പെടാതിരിക്കാൻ കൊടുത്ത വിലയാണ് പ്രിവിപെഴ്സും പ്രത്യേകാവകാശങ്ങളും എന്ന് കോൺഗ്രസ് നേതാക്കൾ പറഞ്ഞു. നാടുവാഴിത്തത്തോട് അവർക്കുള്ള രക്തബന്ധവും വിധേയത്വവും നാടുവാഴിത്ത മനോഭാവവും വർഗക്കൂറും മറച്ചുവയ്ക്കാനുള്ള വായ്ത്താരിയായിരുന്നു അതു്. രണ്ടു കാരണങ്ങളാൽ അതു ശരിയല്ല. ഒന്നാമതു് ബ്രി

ട്ടീഷ് സാമ്രാജ്യത്വം അടിയറ പറഞ്ഞു. പരമ്പരാഗതമായി രാജവാഴ്ചയ്ക്കെതിരെ വെറുപ്പാർന്ന ജനത സ്വാതന്ത്ര്യത്തിന്റെ ഊഷ്മാവിൽ ജ്വലിക്കുകയായിരുന്നു. പ്രിവിപെഴ്സും പ്രത്യേകാവകാശങ്ങളും നിർത്തലാക്കുന്നതിനുള്ള ബില്ലിന്റെ ചർച്ചാവേളയിൽ പ്രധാനമന്ത്രി ഇന്ദിര പറഞ്ഞു. 'ആ രാജാക്കന്മാർ എതിർത്തിരുന്നെങ്കിൽ ഇന്ത്യൻ ജനങ്ങളും അവരുടെ ഗവർമ്മെണ്ടും സർവ്വശക്തിയും എടുത്തവരെ അടിക്കുമായിരുന്നു.' ശരിയാണതിനു കഴിയുമായിരുന്നു. എങ്കിലെന്തിന് രാജാക്കന്മാർക്ക് ആനുകൂല്യം.

രാജാക്കന്മാർ എതിർക്കുകയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ ജനങ്ങളവർക്കെതിരായിരുന്നു. സഹായിയായ ബ്രിട്ടൺ ഒഴിഞ്ഞുമിരുന്നു. അധികാരം ധനംമാത്രമല്ല സമസ്ത സുഖങ്ങളും നൽകുന്നതാണെന്ന് രാജാക്കന്മാർക്കറിയാം. അവരതനുഭവിച്ചിട്ടുള്ളവരാണ്. എല്ലാം തരുന്ന അധികാരം ഏതാനും ലക്ഷം രൂപക്ക് ഉപേക്ഷിക്കാൻ യാതൊരു വൈമനസ്യവും കാണിക്കാതിരുന്ന രാജാക്കന്മാർക്ക് ദേശീയനേതാക്കളെക്കാൾ ദീർഘവീക്ഷണമുണ്ടായിരുന്നു. എതിർത്താൽ ഒന്നുംലഭിക്കുകയില്ലെന്നും പക്ഷെ, ജീവൻപോലും അകടത്തിലാകുമെന്നും അവർക്കു മനസ്സിലായി. നാട്ടുരാജാക്കന്മാരുടെ തലച്ചോറായിരുന്ന സി. പി. രാമസ്വാമി അയ്യരുടെ തലയ്ക്ക് വെട്ടേറ്റപ്പോൾ നീക്കമെങ്ങോട്ടെന്നു അവർക്കു മനസിലായി. എങ്കിൽ കിട്ടുന്നതുകൊണ്ട് സുഖിച്ചുകൂടാമെന്നവർ കരുതി. അല്ലെങ്കിൽ അവർ കണ്ടതു് ജൂനഗാദ് രാജാവിനേയും വാസിംറാലി അടക്കമുള്ള ഹൈദ്രാബാദ് നൈസാമിനെയുമാണ്. അവർ ഇന്ത്യൻ ഭരണകൂടത്തിനു മുൻപിൽ നിമിഷങ്ങൾക്കകം നിലംപൊത്തി. ഈ നിലയിൽ കോൺഗ്രസ് ഗവർമ്മെണ്ടു കാണിച്ചതു് വിധേയത്വവും ദീർഘവീക്ഷണമില്ലായ്മയും, ജനവഞ്ചനയും പുരോഗതിക്കെതിരായ നാട്ടുവാഴിത്തവേഴ്ചയുമായിരുന്നു.

രാജാക്കന്മാരിൽ നല്ലൊരു പങ്ക് കോൺഗ്രസ്സിലായി. ബ്രിട്ടീഷുകാരോടു അവർ ചേർന്നതു പോലെ തന്നെ. കേന്ദ്രഗവർമ്മെണ്ടു് ദരിദ്ര ലക്ഷങ്ങളെ പിഴിഞ്ഞു രാജാക്കന്മാരെ പുലർത്തി കൊള്ളാമെന്നു് ഉറപ്പുകൊടുത്തും ഇരുപത്തിരണ്ടു കൊല്ലവും നൂറുകോടിയോളം രൂപയും കഴിഞ്ഞു. വിദേശാധിപത്യം മൂലം മുരടിച്ചു പോയ ഇന്ത്യൻ മുതലാളിത്തം നാട്ടുവാഴികളുമായി ബന്ധത്തിലായതാണു് കുഴപ്പം. മറിച്ചാകുമായിരുന്നില്ല. പ്രിവിപെഴ്സും പ്രത്യേകാനുകൂല്യങ്ങളും നൽകിയതും അതു നിർത്തലാക്കുന്നതിനെ എതിർക്കുന്നതും അതുകൊണ്ടാണ്. നാട്ടുവാഴിത്തത്തിനെ ഏതെങ്കിലും രൂപത്തിൽ നിലനിർത്തുന്നതും ആനുകൂല്യം നൽകുന്നതും ഒരു സമൂഹഘടനയുടെ പൂർണ്ണതയ്ക്കുപവാദമാണ് ബാലിശതയാണ്. അതിനെ എതിർക്കുന്നവരാരും പ്രിവിപെഴ്സും മറ്റും നിർത്തലാക്കുന്ന കാര്യത്തിൽ രണ്ടാമതൊരാലോചന നടത്തുകയില്ല.

കോൺഗ്രസ് ഗവർമ്മെണ്ടു് രാജാക്കന്മാർക്ക് പ്രിവിപെഴ്സ് കൊടുത്തതു് ജനഹിതത്തിനെതിരായിരുന്നു. ഭരണാധികാരികളുടെ പ്രതിലോമതയല്ലാതെ യാതൊരു സാമൂഹ്യോപയോഗവും അതിനില്ല. പുരോഗതിയിൽ പങ്കാളിത്തമില്ലാത്തവർക്കു നൽകുന്ന പ്രതിഫലമെല്ലാം സമൂഹത്തിന്റെഭാരം വർദ്ധിപ്പിക്കുന്നതും അതുകൊണ്ടുതന്നെ ജനവഞ്ചനയുമാണ്. ഈ ജനവഞ്ചന ഇരുപത്തിരണ്ടുകൊല്ലക്കാലം നടത്തി രാജ്യത്തെ ദ്രോഹിച്ചതു് കോൺഗ്രസ് ഗവർമ്മെണ്ടാണ്. അതു നിർത്തലാക്കുന്നതിന് കോൺഗ്രസിനെ പ്രശംസിക്കണമെന്നാണ് ഇന്ദിരാഗാന്ധിപറയുന്നതു്. അതിരു കടന്ന അവകാശവാദമാണ്. നിർത്തലാക്കിയതിന് സ്തുതിക്കണമെങ്കിൽ തുടങ്ങിയതിനും ഇരുപത്തിരണ്ടു കൊല്ലക്കാലം തുടർന്നതിനും നൂറുകോടി രൂപയോളം കൊടുത്തതിനും ആരെയാണ് ആക്ഷേപിക്കേണ്ടതു്. ഇന്ദിരാ മരിച്ചുപോയ പിതാവിനെ ആക്ഷേപിക്കാൻ പ്രേരിപ്പിക്കുകയാണെന്ന് തോന്നിപ്പോകുന്നു. ആരാന്റെ പിടിച്ചു പറിച്ചതിനു പിടിക്കപ്പെട്ടപ്പോൾ തിരിച്ചുകൊടുത്തിട്ടുതന്നെ സ്തുതിക്കു എന്നു പറയുന്നതിനു തുല്യമാണു ഇന്ദിരയുടെ അവകാശവാദം.

പ്രിവിപെഴ്സ് നിർത്തലാക്കുന്നതിനെ എതിർത്ത സംഘടനാകോൺഗ്രസ് അറുപിന്തിരിപ്പൻ കക്ഷിയാണെന്നാണ് ഇന്ദിരയും കൂട്ടാളികളും പ്രചരിപ്പിക്കുന്നതു്. പക്ഷെ നഷ്ട പരിഹാരം കൊടുത്താണ് പ്രിവിപെഴ്സും മറ്റും അവസാനിപ്പിക്കുന്നതെന്നകാര്യം മറച്ചു കളയുന്നു. ഇത്രയും വലിയ ഒരു സഹായം രാജാക്കന്മാർക്ക് ചെയ്യാനില്ല. പ്രിവിപെഴ്സ് അനുവദിച്ചു കൊടുത്തപണ്ഡിറ്റ് നെഹ്രുവിനും സർദാർ പട്ടേലിനുമുള്ള അതേ നാട്ടുവാഴിത്ത വിധേയത്തമാണ് ഇന്ദിരയ്ക്കുമുള്ളതു്. രണ്ടു കൂട്ടരും ജനങ്ങളുടെ പേരിൽ ജനങ്ങളെപ്പിഴിഞ്ഞു രാജാക്കന്മാരെ പോറ്റി,പോകുന്നു.

കോടിക്കണക്കിനു രൂപ പ്രതിഫലം നല്കുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഇന്ത്യൻ രാജാക്കന്മാരാകട്ടെ ഭൂരിപക്ഷത്തിലധികം പേരും വൃദ്ധരാണ്. അവർ എത്രകാലം ജീവിച്ചിരിക്കാൻ? രാജാക്കന്മാരെപ്പോലെ കോൺഗ്രസ് പ്രായമാവുകയും ബലഹീനമാവുകയും ചെയ്തിരിക്കുന്നു. എത്രകാലം കോൺഗ്രസിനു ഭരണത്തിൽ തുടരാം എന്നറിയില്ല. തുടർന്നാൽ തന്നെ കോൺഗ്രസിനു മററുകക്ഷികളുടെ നിർദ്ദേശങ്ങൾക്ക് വിധേയമാകേണ്ടിവരും. ഇന്ദിരാ ഭരണത്തെ അനുകൂലിക്കുന്നവരുടെ എതിർപ്പുകൊണ്ടുമാത്രം ക്രിമിനൽ ഭേദഗതി ബിൽ പിൻവലിക്കേണ്ടി വന്നതു് അതിനുദാഹരണമാണ്. കാര്യങ്ങളങ്ങിനെ നീങ്ങിയാൽ യാതൊരു പ്രതിഫലവുമില്ലാതെ രാജാക്കന്മാർക്ക് പിരിയേണ്ടിവരും. രാജാക്കന്മാർക്കും അതറിയാം ഇന്ദിരാഗാന്ധിക്കും അറിയാം. അതുകൊണ്ടും തനിക്കു ശേഷിയുള്ളപ്പോഴെ രാജാക്കന്മാർക്ക് പ്രതിഫലം നൽകി സഹായിക്കാമെന്നു കരുതി. അതിനു വിപ്ലവപരമായ നടപടി എന്നു പേരിട്ടു. അതാണു തന്ത്രം. പിന്തിരിപ്പത്തത്തിന് പാദസേവ ചെയ്യുന്ന ഇന്ദിരയ്ക്കും കൂട്ടാളികൾക്കും സ്വയം രസിക്കാൻ പററിയ വിപ്ലവമെന്നല്ലാതെ മറെറാന്നുമിതിലില്ല.

വർഷംതോറും ഗഡുക്കളായി രൂപ ലഭിക്കുന്നതോ ഒരുമിച്ചു വൻസംഖ്യ മൊത്തമായി കിട്ടുന്നതോ രാജാക്കന്മാർക്ക് നല്ലതു് കൊല്ലങ്ങൾ കഴിയുംതോറും ഉറുപ്പികയുടെ വില കുറയും. രാജവാഴ്ച തിരിച്ചു വരുമെന്ന് പ്രതീക്ഷിക്കാനുമില്ല. അതുകൊണ്ട് നഷ്ടപരിഹാരമായി ഒരുമിച്ചു കിട്ടുന്നതാണ് നല്ലതു്; കൊടുക്കുന്നതാണ് ഉപകാരം. ഇന്ദിരാഗാന്ധി ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നതു് അതാണ്.

ഇന്ദിരാഗാന്ധിയുടെ ഈ നടപടി ദ്രവിച്ചു നശിച്ച രാജാക്കന്മാരെ സ്വകാര്യ വ്യവസായ രംഗത്തേയ്ക്ക് കൊണ്ടുവരും. നഷ്ടപരിഹാരത്തിന്റെ പേരിൽ ജനങ്ങളുടെ നികുതിപ്പണം രാജാക്കന്മാർക്ക് മൂലധനമാവുകയും ചെയ്യും. തങ്ങളുടെ നഷ്ടപ്പെട്ട സാമ്പത്തികാസ്വാധീനം മറ്റു മാർഗ്ഗേണ പുനഃസ്ഥാപിക്കാം. ഇന്ദിരാഗാന്ധി കാണിക്കുന്ന വഞ്ചനയുടെ രൂപം എത്രയ്ക്കു ഭീകരമാണ്! ഇതാ നോക്കൂ, ഇന്ത്യയിലും അവികസിത രാജ്യങ്ങളിലും ഏററവും

(ശേഷം 14–ാം പേജിൽ)

# ലൈംഗീകവിപ്ലവം ലൈംഗീകവിസ്ഫോടനം വനിതാശക്തി

അശോക്‌രുദ്ര

(കഴിഞ്ഞലക്കം തുടർച്ച)

അമേരിക്കയിലെ പുതിയ വനിതാപ്രസ്ഥാനത്തെ ഒരുവശത്ത് നയിക്കുന്നത് 1966 ൽ ബെററിഫ്രീഡൻ സ്ഥാപിച്ച നാഷണൽ ഓർഗനൈസേഷൻ ഫോർ വിമെൻ' (എൻ. ഒ. ഡബ്ളിയു.) എന്ന സംഘടനയാണ്. വനിതാ പ്രസ്ഥാനത്തിലെ 'പരിഷ്ക്കരണ' വാദികളുടെ വിഭാഗമാണിത്. ബെററിഫ്രീഡൻ ആണ് വനിതകളുടെ നിഗൂഢാത്മകതയെക്കുറിച്ച് പുസ്തകമെഴുതിയിട്ടുള്ള സ്ത്രീ. വിവിധ സംഘടനയിലൂടെ സമ്മർദ്ദം ചെലുത്തി സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്താനാണ് എൻ. ഒ. ഡബ്ളിയു. വിൻെറ പരിശ്രമം. പക്ഷെ മറെറാരു വിഭാഗക്കാരുണ്ട്. കൂടുതൽ തീവ്രവാദികളും പരിവർത്തന വാദികളുമായവർ. അവർ വനിതാ വിമോചന മുന്നണിക്കാരാണ്. വനിതകളുടെ വിമോചനത്തിനു വേണ്ടി പരിശ്രമിക്കുന്ന വിവിധ വിഭാഗക്കാരുടെ ഫെഡറേഷനാണിത്. ഇതിനകം ന്യൂയോർക്കിൽ 50 ഉം സാൻഫ്രാൻസിസ്കോവിൽ 35 ഉം ചിക്കാഗോവിൽ 30ഉം ബോസ്റ്റണിൽ 25 ഉം അത്തരം വിഭാഗക്കാരുണ്ടായിട്ടുണ്ടെന്നു തോന്നുന്നു. ഈ വിഭാഗക്കാരിലെ അംഗങ്ങളധികവും മുമ്പ് വിയററ്നാം യുദ്ധത്തിനെതിരായ പ്രസ്ഥാനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളോ അല്ലെങ്കിൽ നിഗ്രോകളോടുള്ള വിവേചനത്തിനെതിരായി സമരം ചെയ്യുവരോ ആണ്. വീക്ഷണത്തിൽ തീവ്രപരിവർത്തന വാദികളും പെരുമാററത്തിൽ തീക്ഷ്ണതയുള്ളവരും പോലീസിനെ നേരിടുന്നതിൽ പരിചയ സമ്പന്നരുമായ ഈ പെൺകുട്ടികൾ കൽക്കത്തായിലെ നക്സൽബാരിയുവാക്കളെ അനുസ്മരിപ്പിക്കുന്ന വിധം ഞെട്ടവിദ്യകളിലേർപ്പെടുന്നു. അതല്ലെങ്കിൽ ഫ്രഞ്ചുമാവോയിസ്ററുകളെയാണ് ഓർമ്മവരുക. (പാരീസിലെ ലാററിൻ ക്വാർട്ടറിൽ ഈയിടെ അവർ പോലീസിനെ എതിരിട്ട് നിന്നു സമരം ചെയ്യുകയുണ്ടായി. ഈയടുത്തകാലത്ത് അവർ നടത്തിയ ചില പ്രവർത്തനങ്ങളുടെ ഉദാഹരണത്തിൽനിന്നു അവരുടെ ലക്ഷ്യത്തേയും മാർഗ്ഗത്തേയും പററി മനസ്സിലാക്കാൻ കഴിയും.

ഈ വനിതാ യോദ്ധാക്കൾ— ചിലർ ഇവർക്കു നൽകിയിരിക്കുന്ന പേര് 'ഗൊറില്ലാ റെഡ്'' എന്നാണ്. ഗൊറില്ലയുടെ സ്ത്രീലിംഗമാണിത്–ഒരിടത്ത് 'വധുക്കളുടെ ചന്ത' കയ്യേറുകയുണ്ടായി. വിവാഹിതരാകാൻ പോകുന്ന പെൺകുട്ടികൾക്കുവേണ്ടി വീട്ടുസാമാനങ്ങൾ കച്ചവടം ചെയ്യുന്നഒരുസ്ഥാപനം സംഘടിപ്പിച്ചതാണ് ഈ ചന്ത. "അമേരിക്കൻ സുന്ദരി''യെ തെരഞ്ഞെടുക്കാൻ വേണ്ടി നടത്തിയ ഒരു മൽസരത്തിനു അവർ തടസ്സങ്ങളുണ്ടാക്കി. അവരുടെ മുദ്രാവാക്യങ്ങൾ ഇവ ആയിരുന്നു. ഇന്നത്തെ രാത്രിയിൽ ആരു ജയിക്കുമെന്നതിനേക്കാൾ പ്രധാനപ്പെട്ട സമരം അമേരിക്കയിൽ നടക്കുന്നുണ്ട്. വനിതകളുടെ വിമോചനത്തിനു വേണ്ടിയുള്ള സമരമാണത്. കറുത്തവരുടെ വിമോചനത്തിനുവേണ്ടിയുള്ളതാണത്. വിയററ്നാമിൻെറ വിമോചനത്തിനുള്ളതാണത്. മറെറാരു മുദ്രാവാക്യം ഇതായിരുന്നു. "അമേരിക്കൻ സുന്ദരി റെവ്ലോണിനു പണമുണ്ടാക്കുന്നു. റെവ്ലോണാകട്ടെ യുദ്ധത്തിനുവേണ്ടിയുള്ള വെടിമരുന്നുകളുടെ ഉറവുണ്ടാക്കുന്നു. വനിതകൾക്ക് വിളമ്പാൻ കൂട്ടാക്കാത്ത ഒരു മദ്യശാല അവർ കയ്യേറി, ജോലിക്കാരായ വനിതകളെ ദ്രോഹിക്കുന്നുവെന്ന കാരണത്താൽ അവര കോൾഗേററ്പാമൊലീവ് സാമഗ്രികൾ ബഹിഷ്ക്കരിച്ചു. അശ്ലീലമാസിക പ്രസിദ്ധീകരിക്കാൻ പുറപ്പെട്ട ഒരു യുവാവിനെ അവർ ഘെരാവോ ചെയ്തു. നഗ്നയായ ഒരു സ്ത്രീയുടെ ഒരു ചിത്രം വഹിച്ചുകൊണ്ട് അവർ ഘോഷയാത്ര നടത്തി. ചിത്രത്തിലെ നഗ്ന ശരീരത്തിൻെറ വിവിധഭാഗങ്ങൾ അവർ അടയാളപ്പെടുത്തിയിട്ടുണ്ടായിരുന്നു. അവയവങ്ങൾക്ക് അരവക്കാരനുപയോഗിക്കുന്ന പദങ്ങളാണ് അവർ നൽകിയിരുന്നത്—സാധാരണ പുരുഷൻ സ്ത്രീകളെക്കുറിച്ച് ചിന്തിക്കുന്നതിനനുയോജ്യമായ ഭാഷതന്നെ ആസ്വാദ്യമായ മാംസപിണ്ഡമായും ലൈംഗികവസ്തുവായും മാത്രമാണല്ലോ പുരുഷൻമാർ സ്ത്രീയെക്കുറിച്ചോർക്കുന്നത്. 'റെസ്റ്റ്ഫസ്റ്റാക്കിങ്സ്'' എന്നു വിളിക്കുന്ന ഒരുവിഭാഗം വനിതകൾ ഡെൻമാർക്കിൽ ഇത്തരം പ്രവർത്തനത്തിൽ ഏർപ്പെടുകയുണ്ടായി. വലിയ ബലൂൺ ഊതിവീർപ്പിച്ച് മാറിടത്തിൽ വെച്ചുകെട്ടി അവർ പ്രകടനം നടത്തി. ഞാൻ മുമ്പൊന്നുമായിരുന്നില്ല: ഇപ്പോൾ വിവാഹിതയാണു, പുരുഷന്മാരുടെ കൈകളാണ് സ്ത്രീകളുടെ അഭയകേന്ദ്രം, എൻെറ കന്യകാത്വത്തിൽ വളരെ ലൈംഗികഭാവം തോന്നുന്നു എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളാണ് അവർ എഴുതിപ്പിടിപ്പിച്ചിരുന്നത്. നിഷ്ക്കളങ്കമായ ഇത്തരം തമാശകളിൽ ഒതുങ്ങിനിൽക്കുന്നതല്ല അവരുടെ പ്രവർത്തനം. ലഹളയുണ്ടായാൽ ആത്മരക്ഷക്കുവേണ്ടി അവർ കായികപരിശീലനം നേടുന്നുണ്ട്. പുരുഷനായ ഒരു പ്രതിയോഗിയുടെനേരെ അവരിലൊരാൾ നിറതോക്കൊഴിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞതിൽനിന്നു മനസ്സിലാക്കാവുന്നതുപോലെ, തങ്ങൾ വെറും ലൈംഗിക വസ്തുക്കളാണെന്ന ധാരണക്കെതിരായിട്ടാണ് ഈ പെൺകുട്ടികളുടെ അരിശം അധികവും. വനിതകളുടെ വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും വനിതാ പ്രസിദ്ധീകരണങ്ങളും ഉണ്ടാക്കിവിടുന്ന ഫാഷൻ ലോകത്തിലെ സ്വേച്ഛാധികാരികൾക്കെതിരായിട്ടാണ് അവരുടെ അരിശം രൂപം കൊള്ളുന്നത്. ആരംഭം ചെറുതായിരുന്നാലും ശരി, ഈ ഉണർവ്വിൻെറ പ്രാധാന്യം കണക്കാക്കാതിരിക്കരുത്. പാശ്ചാത്യവനിതയുടെ പരാധീനതക്കുള്ള പ്രകടമായ കാരണങ്ങളിലൊന്നു് ഫാഷൻരംഗത്തെ സ്വേച്ഛാധികാരികളോടുള്ള സമ്പൂർണ്ണമായ വിധേയത്വമാണ്. എണ്ണമററ വനിതാ പ്രസിദ്ധീകരണങ്ങളിൽ വരുന്ന പരസ്യങ്ങളും, വീട് സൗകര്യപ്പെടുത്തിവെക്കേണ്ടതെങ്ങിനെയാണെന്നും ഭർത്താക്കന്മാരെ സന്തോഷിപ്പിക്കേണ്ടതെങ്ങിനെയാണെന്നും മററുമുള്ള കാര്യങ്ങളെക്കുറിച്ച് അവ നൽകുന്ന ഉപദേശങ്ങളും അവയിലെ കൊഴുത്ത പ്രണയകഥകളും, ഭംഗിപിടിപ്പിക്കുന്നതിലുള്ള നിരന്തരമായ നിർദ്ദേശങ്ങളുമനുസരിച്ചാണ് സാധാരണ പാശ്ചാത്യ വനിത, അവിശ്വസനീയമായ അളവിൽ, അവളുടെ അകത്തും പുറത്തുമുള്ള ആകൃതിക്കു രൂപം നൽകുന്നത്. വനിതകളുടെ വസ്ത്രധാരണ രീതിയിൽ കൂടുതൽ ധീരമായ ഒന്നിൻെറ പേരിൽ ചിലർക്കു ഞെട്ടലുണ്ടാകുന്നുണ്ട്. വനിതകളെക്കൊണ്ട് വസ്ത്രധാരണം ചെയ്യിക്കുന്ന രീതിയോ മോടിപിടിപ്പിക്കലോ അല്ല ഞെട്ടലുണ്ടാക്കുന്നത്. എന്തായാലും ഫാഷൻ മാതൃകകൾ തയ്യാറാക്കുന്നവർ അവരുടെ കലയിൽ വിദഗ്ധരാണ്. വനിതകളുടെ ഫാഷൻ അഭിരുചിക്കൊത്തതായിരി

രിക്കയും ചെയ്യും. ഇന്ത്യയിലെപ്പോലെ ശരീരം കുറച്ചുമാത്രം മറച്ചുവെക്കുന്നുവെന്ന കാരണത്താൽ സൌന്ദര്യബോധത്തിന്റെ പേരിൽ കുററപ്പെടുത്താനാവില്ല. (ഇന്ത്യയിലെ വനിതകൾ അവരുടെ ശരീരപ്രകൃതിയിൽ ഒട്ടും ശ്രദ്ധിക്കാറില്ല. ഇതിന്റെ ഫലമായി ആധുനിക ഭാരതീയ വനിത കൂടുതൽ കൂടുതൽ വയറു പുറത്തു് കാണിക്കാൻ തുടങ്ങിയിട്ടുള്ളതു് വിനാശകരമായ ദുരന്തത്തിനാണിടയാക്കുന്നതു്. മടക്കുമടക്കായുള്ള മാംസം കണ്ടു് സൌന്ദ[illegible]ധമുള്ള പുരുഷന്മാർ കണ്ണു തിരിച്ചുകളയുന്നു. ഭാരതീയ വനിതകൾ മാറു മറക്കാത്ത വസ്ത്രം ധരിച്ചു് നടക്കുന്നതിനെപ്പററി ആലോചിച്ചാൽ നടുങ്ങിപ്പോകും. അതല്ലെങ്കിൽ സിനിമാ താരങ്ങളെ നഗ്നകളായി ഇന്ത്യൻ ചലച്ചിത്രങ്ങളിൽ കാണിക്കാൻ തുടങ്ങിയാലത്തെ സ്ഥിതി ആലോചിച്ചാൽ മതി. നീന്തൽ വസ്ത്രം മാത്രം ധരിച്ചിട്ടോ അതല്ലെങ്കിൽ അതേപോലെ കൊച്ചുവസ്ത്രങ്ങൾ ധരിച്ചിട്ടോ അലയുന്നതു കാണുമ്പോൾ തന്നെ ഭയങ്കരമാണു്). പടിഞ്ഞാറൻ നാടുകളിൽ വനിതകൾ ശരീരം സൂക്ഷിക്കാൻ വളരെ പാടുപെടുന്നുണ്ടു്. അവിടങ്ങളിൽ ശരീരം പുറത്തു കാണാവുന്ന വസ്ത്രം ധരിക്കുന്ന പെൺകുട്ടികൾ ശരിക്കും സുന്ദരമായ രൂപവും വളകളുമാണു് കാണിക്കുന്നതു്. അതുകൊണ്ടു് സൌന്ദര്യബോധത്തിന്റെ പേരിൽ ആർക്കും എതിർപ്പു് കാണിക്കാനാവില്ല. എന്നാൽ വാസ്തവത്തിൽ ഞെട്ടലുണ്ടാക്കുന്ന കാര്യം ഫാഷൻ രാജാക്കന്മാരുടെ ചാട്ടവാറിനനുസരിച്ചു് വനിതകളെക്കൊണ്ടു് ഇറക്കം കുറഞ്ഞും കൂടിയും മാറി മാറി വസ്ത്രം ധരിപ്പിച്ചു വിടുന്നതാണു്. പാശ്ചാത്യ രാജ്യങ്ങളിൽ അന്തരീക്ഷം അശുദ്ധമാകുന്ന ഏററവും ദുഷിച്ച വിഷമാണു് പ്രചരണം. നിരന്തരം തേച്ചു മിനുക്കി പ്രദർശിപ്പിക്കാനുള്ള സുന്ദരവസ്തുക്കളായി സ്വയം കരുതാൻ ലക്ഷക്കണക്കിനു സ്ത്രീകളെ പ്രേരിപ്പിക്കുന്നതുപോലെ പ്രചരണ രംഗത്തു മറെറാരു ദുഷിച്ച വിജയം ഉണ്ടായിട്ടില്ല.

## ഖേദകരമായ വിരോധാഭാസം

പാശ്ചാത്യ രാജ്യങ്ങളിൽ ഈ ഉണർവിന്റെ മിന്നലാട്ടം കണ്ടുതുടങ്ങിയിട്ടുള്ളയവസരത്തിൽതന്നെ 'സോഷ്യലിസ്റ്റ്' കിഴക്കൻ രാജ്യങ്ങളിൽ നേരെ വിപരീതമായ പ്രവണതയാണു് കാണുന്നതെന്നതു് ഖേദകരമായ വിരോധാഭാസമാണു്. 1956മുതൽ സൌന്ദര്യമത്സരം ആരംഭിക്കാൻ സാധിച്ചപ്പോൾ പോളണ്ടുകാർ അതൊരു വിമോചനമായിട്ടാണു് കരുതിയതു്. ചെക്കോസ്ലാവാക്കിയക്കാർ ഒരു അന്താരാഷ്ട്രവിമാന-സർവ്വീസ് നടത്തുന്നുണ്ടു്. എയർ ഹോസ്റ്റസ്സുമാരുടെ പുഞ്ചിരിക്കുന്ന മുഖം കാണിച്ചാണു് അവർ ഈ സർവ്വീസിന്റെ പരസ്യം പാശ്ചാത്യ പത്രങ്ങളിൽ നടത്തുന്നതു്, റുമേനിയക്കാർ പാശ്ചാത്യപത്രങ്ങളിൽ അവരുടെ കടലോരസുഖവാസകേന്ദ്രങ്ങളും നീന്തൽ കുളങ്ങളും കാസിനോകളും നിശാക്ലാസ്സുകളും പരസ്യപ്പെടുത്തുന്നു.

ഈ വനിതാപ്രസ്ഥാനം ആരംഭിച്ചിട്ടേയുള്ളുവെന്നതുകൊണ്ടാണു്, തങ്ങളുടെ അധഃപ്പതിച്ച നിലയെക്കുറിച്ചു് ബോധമുള്ള ആധുനികവനിതകൾ പാശ്ചാത്യനാടുകളിൽ വളരെക്കുറിച്ചേയുള്ളുവെന്നതുകൊണ്ടാണു് ലൈംഗികവിപ്ലവമെന്നു പറയുന്നതു് സാക്ഷാൽക്കരിക്കപ്പെടാത്തതു്. ലൈംഗിക വിസ്ഫോടനത്തിൽ മാത്രമേ അതു് എത്തിച്ചേർന്നിട്ടുള്ളു. ഫ്രോയ്ഡും ഹാവ്ലോക്ക് എല്ലിസ്സും കാരണം ഈ നൂററാണ്ടിൽ ലൈംഗികവിപ്ലവമുണ്ടായതായി പലപ്പോഴും പറഞ്ഞുകേൾക്കാറുണ്ടു്. (ഇടക്കു പറഞ്ഞുകൊള്ളട്ടെ അമേരിക്കയിലെ വനിതാവാദികൾ കടുത്തഫ്രോയ്ഡ് വിരോധികളാണു്. അദ്ദേഹത്തെ പിന്തിരിപ്പനായ പുരുഷനായിട്ടാണു് അവർ കാണുന്നതു്) ജനനനിയന്ത്രണ വിദ്യകൾ സാധാരണ ജനങ്ങൾ ഉപയോഗപ്പെടുത്താൻ തുടങ്ങിയതും ഗർഭച്ഛിദ്രം നിയമവിധേയമായതും ലൈംഗികവിപ്ലവത്തിനിടയാക്കിയതായും പറഞ്ഞുകേൾക്കാറുണ്ടു്. സ്വന്തം സൃഷ്ടിയായ ഒരു സദാചാര രാക്ഷസന്റെ പിടിയിൽനിന്നു ആണും പെണ്ണും മോചനം നേടിയതാണു് വിപ്ലവത്തിന്റെ അടിസ്ഥാനമെന്നും അവകാശപ്പെടുന്നു. ലൈംഗിക വാസനയോടുള്ള ഭയം, ലൈംഗികവാസന പാപവും വൃത്തികെട്ടതുമാണെന്ന ധാരണ ഇതൊക്കെയാണു് ഈ സദാചാരം. പക്ഷെ അത്തരത്തിലൊരു വിപ്ലവമുണ്ടായിട്ടുണ്ടോ? തന്റെ ലൈംഗികമായ പെരുമാററത്തിലും ചിന്തയിലും അഭേദ്യമായി പാശ്ചാത്യ മനുഷ്യൻ കൊണ്ടു നടക്കുന്ന നിഗൂഢാത്മകതയിൽനിന്നും ഭയത്തിൽനിന്നും വെറുപ്പിൽനിന്നും ഭീകരതയിൽനിന്നും അക്രമത്തിൽനിന്നും അയാൾ വാസ്തവത്തിൽ സ്വതന്ത്രനായിട്ടുണ്ടോ? അല്ലെങ്കിൽ സ്വതന്ത്രനാകുന്നതിന്റെ ലക്ഷണം കണ്ടുതുടങ്ങിയിട്ടുണ്ടോ? ഒരു വിപ്ലവമുണ്ടായികഴിഞ്ഞിട്ടുണ്ടെങ്കിൽ, തെക്കു കിഴക്കേ ഏഷ്യയിലെ ജനങ്ങൾ ചെയ്യുന്നതായി തോന്നുന്നതുപോലെ പാശ്ചാത്യനാടുകളിലെ സ്ത്രീപുരുഷന്മാർ എന്തുകൊണ്ടാണു് ലൈംഗിക കാര്യങ്ങളെ ജീവിതത്തിന്റെ ആനന്ദകരമായ മറെറാരു വശം മെന്നനിലയിൽ ശാന്തമായി എടുക്കുന്നതായി കാണാൻ കഴിയാത്തതു്? എന്താണു് ലൈംഗികകാര്യങ്ങളോടു് ഇത്രയേറെ കമ്പം? ഇത്രക്കു് പേടി. അതിനെപ്പററി ഇത്രവെറി പിടിക്കുന്നതെന്തിനു്? ആവശ്യത്തിലേറെ ഗൌരവം കൊടുക്കുന്നതു്? എന്തുകൊണ്ടാണു് ലൈംഗിക വിസ്ഫോടനം എന്നറിയപ്പെടുന്ന സംഗതിയുണ്ടായതു്?

വിമർശനബുദ്ധിയായ ഒരു പുറം നാട്ടുകാരനല്ലാ ലൈംഗിക വിസ്ഫോടനമെന്നു ചിത്രീകരിച്ചിട്ടുള്ളതു്. ഹിന്ദുസമുദായം ലൈംഗിക കാര്യങ്ങളോടു കൂടുതൽ ആരോഗ്യകരമായ സമീപനം കാണിക്കുന്നുവെന്നു പറയുന്ന പാശ്ചാത്യരായ ഇന്ത്യാവിദഗ്ധരുടേയോ ഭാരതീയ ലേഖകരുടേയോ കൂട്ടത്തിൽ ഈ ലേഖകനെ ഉൾപ്പെടുത്തേണ്ടതില്ല. ലൈംഗിക വിസ്ഫോടനമെന്ന പദം പാശ്ചാത്യപത്രപ്രവർത്തകരുടെ സൃഷ്ടിയാണു്. പാശ്ചാത്യരാജ്യത്തിലെ ജീവിതത്തിന്റെ എല്ലാവശത്തേയുംലൈംഗികതവന്നുമൂടുന്നതിന്റെ വേഗതകണ്ടു് പാശ്ചാത്യനിരീക്ഷകർ അമ്പരക്കുകയാണു്. ഇംഗ്ലണ്ടിൽ ഇതു് ഏററവും കൂടുതൽ നഗ്നതയുടെ വേനൽക്കാലമായിരിക്കുമെന്നു സൺഡേ ഓഫ് സർവ്വറിൽ ഒരാൾ എഴുതുന്നു. ഒരിക്കലും ഇത്രയേറെ, ഇത്രസ്വതന്ത്രമായി ഇത്ര കൂടെക്കൂടെ ഇങ്ങനെയുണ്ടായിട്ടില്ലെന്നു മറെറാരാൾ പറയുന്നു. മുമ്പൊരിക്കലുമില്ലാത്തവിധം നഗ്നത പരസ്യലോകത്തെ കീഴടക്കിയിരിക്കുന്നു. പിന്നെ, സിനിമയിൽ നഗ്നയായ സ്ത്രീയുടെ പടമെടുക്കാതെ തരമില്ലന്നായിരിക്കുന്നു. അതേപോലെതന്നെ ആണും പെണ്ണും ഇണചേരുന്നതും ചിത്രീകരിക്കാതെ വയ്യെന്നായിട്ടുണ്ടു്. ലൈംഗിക വിസ്ഫോടനത്തിൽ തെറിച്ചുവീഴുന്നതിനെപ്പററിയെല്ലാം അധികം വിസ്തരിക്കേണ്ടതില്ല നഗ്നമായി നീന്തുന്നതും കൌമാര പ്രായത്തിലെ സ്വച്ഛന്ദമായ ലൈംഗിക ചേഷ്ടകളും ഇതിനകം പഴഞ്ചരക്കായി കഴിഞ്ഞു. പിന്നെ മൂന്നാളുകൾ ഒരുമിച്ചു താമസിച്ചു്

പരസ്പരം ലൈംഗീക ബന്ധത്തിൽ ഏർപ്പെടുന്നതുണ്ട്. ഭർത്താവും ഭാര്യയുംചേർന്നു സായാഹ്നവിരുന്നുനടത്തി ഭാര്യയേയും ഭർത്താവിനേയും പരസ്പരം മാറുന്നതുണ്ട്. ലൈംഗീക ലഹരിയിൽ ആറാടുന്നതുവരെ എത്തുന്നവൻ കിടവിരുന്നുകളുണ്ട് —ഇതൊക്കെ ഇന്നു സാധാരണമായിരിക്കുന്നു. ഈയിടെയായി അശ്ലീല പ്രദർശനങ്ങൾവരെ നടന്നുതുടങ്ങി. അശ്ലീല സാഹിത്യം പടർന്നു പിടിച്ചു കഴിഞ്ഞു. എന്തെങ്കിലും പുതിയതു് കുറെക്കൂടി ഞെട്ടലുണ്ടാക്കുന്നത് ഇതൊക്കെയാണ് പുറത്തുവന്നു കൊണ്ടിരിക്കുന്നതു്. വിസ്ഫോടനത്തിൽ അകപ്പെട്ടിട്ടില്ലാത്തവർക്കു് പലപ്പോഴും ഞെട്ടലാണുണ്ടാകുന്നത്. പക്ഷെ ;മറ്റൊരു പ്രതികരണം കൂടിയുണ്ടാവാം. അതായത് മുഷിവും. ലൈംഗീക കാര്യം എന്തായാലും ബോറാണ്. അത് തീർച്ചയായും ആനന്ദകരമായ ഒരനുഭവമാണ്. പക്ഷെ കുറച്ചു കഴിഞ്ഞാൽ അത് ഏറെ മുഷിപ്പനാകാതെ തരമില്ല-എന്തൊക്കെ തരത്തിലുള്ള വിഭവങ്ങളുണ്ടെങ്കിലും ശരി. എന്തായാലും വളരെ പരിമിതമായ ഒരനുഭൂതി രംഗമാണത്. ലൈംഗീക വൃത്തിയിൽ പങ്കാളിയായ ഒരാളെ ഏതെല്ലാം തരത്തിൽ ആനന്ദിപ്പിക്കാം? രണ്ടായിരം വർഷം മുമ്പ് തന്നെ വാത്സ്യായനൻ അതെണ്ണിതിട്ടപ്പെടുത്തിയിട്ടുണ്ട്. ലൈംഗീക ബന്ധത്തിൽ ഏർപ്പെടുന്നതിനു സ്വീകരിക്കാവുന്ന രീതികൾക്കു ഒരതിരുണ്ട്. (64 രീതികളേന്നാണോ വാത്സ്യായനൻ പറഞ്ഞിട്ടുള്ളതു്?) അതേപോലെതന്നെ ചുംബന രീതികൾക്കും ശാരീരികമായ എല്ലാലൈംഗീക വൃത്തികൾക്കും പരിമിതയുണ്ടു. സ്വയം തുറന്നുകാണിച്ചു് ആകർഷണീയയാകാൻ ശ്രമിക്കുന്ന പാവപ്പെട്ട പെൺകുട്ടിക്കും തുറന്നു കാണിക്കാവുന്നതിനു ഒരതിരുണ്ടല്ലോ. ലൈംഗീക കാര്യങ്ങളുടെ ഏതു വശമെടുത്താലും ശരികൃത്യരതിരുണ്ട്. വളരെ വേഗം എത്തിച്ചേരുന്ന ഒരതിർത്തിയുണ്ട്. പക്ഷെ മനുഷ്യർ അപരിമേയമായതിനു വേണ്ടിയാണ് ദാഹിക്കുന്നത് അപരമേയമായതിനെ കണ്ടെത്താനുള്ള ത്വര അവനെ മതത്തിലേക്കു മാത്രമല്ല നയിക്കുന്നത്. ശാസ്ത്രീയ ഗവേഷണം, ഗണിതം, സംഗീതം, കല ഈ രംഗങ്ങളലൊന്നിനും അതിർത്തിയില്ല. ഈ രംഗങ്ങളിലേതെങ്കിലും ഒന്നിലെ അനുഭൂതിയോടൊപ്പം ലൈംഗീകാനുഭവത്തെ കണക്കാൻ കഴിയുമോ? ശാരീരികമായ ലൈംഗീകാനുഭവത്തിനു ചുറ്റുമുള്ള ഇടുങ്ങിയ വൃത്തത്തിൽ ചുററിത്തിരിയുന്ന തടവുകാരനായിരിക്കുന്നിടത്തോളം എങ്ങിനെയാണ് ലൈംഗീക വിപ്ലവത്തെപ്പററി പറയാൻ സാധിക്കുക?

## ഒഴിയാബാധ

സാധാരണ യുവാക്കളുടേയും യുവതികളുടേയും സ്ഥിതിമാത്രമല്ലാ, ഇതു്. പാശ്ചാത്യമനുഷ്യൻെറ ലൈംഗിക ഉദ്വേഗത്തിൻെറ അഗാധതലങ്ങൾ സൂചിപ്പികാര്യങ്ങളുണ്ട്. ലൈംഗികബാധ അവരുടെ ചിന്താമണ്ഡലത്തിലെ നേതാക്കളേയും ഒരേപോലെ പിടികൂടിയിട്ടുണ്ടെന്നതാണ് കൂടുതൽ ഗണനീയമായ കാര്യം. ഗൗരവസ്വഭാവമുള്ള ഏതെങ്കിലും നോവലോ, സിനിമയോ എടുത്തുനോക്കിക്കൊള്ളൂ. പാശ്ചാത്യബുദ്ധിജീവിക്ക് ജീവിതത്തിൻെറ അർത്ഥം ലൈംഗികകാര്യങ്ങളിൽ മാത്രമായി — അതല്ലെങ്കിൽ മുഖ്യമായും ലൈംഗികകാര്യങ്ങളിൽ അന്വേഷിച്ചാൽ മാത്രമേ കണ്ടെത്താനാവൂ വെന്നായിട്ടുണ്ട്. അമേരിക്കയിലേയും യൂറോപ്പിലേയും ഇരുപതാം നൂററാണ്ടിലെ സാഹിത്യത്തിലെ 'ലൈംഗികവിപ്ലവം' കടന്നുവന്ന വിവിധഘട്ടങ്ങളെടുത്തു പരിശോധിച്ചു നോക്കൂ. തുടക്കത്തിൽ ജീവിതത്തിൻെറ അർത്ഥമന്വേഷിച്ചതു് വിവാഹബന്ധത്തിനു പുറത്തുള്ള ലൈംഗിക ബന്ധങ്ങളിലാണ്, പിന്നെ സ്വവർഗ്ഗ സംഭോഗത്തിലായി. പല വലിയ ഗ്രന്ഥകാരന്മാരും അസന്മാർഗ്ഗിക നടപടികളുടെ പേരിൽ തടവിലായി. അതിനു ശേഷം ബലാൽസംഗമായി വിഷയം. ബലാൽസംഗരംഗങ്ങൾ വിവരിക്കുന്നതിലായിരുന്നു ധീരത കണ്ടിരുന്നതു്. അതിനുശേഷം സ്ത്രീകളുടെ സ്വവർഗ്ഗസംഭോഗമായി വിഷയമെന്നു തോന്നുന്നു. അതു ഞെട്ടിപ്പിക്കാതായി തുടങ്ങിയപ്പോൾ രക്തബന്ധമുള്ളവർ തമ്മിലുള്ള ലൈംഗികബന്ധത്തെപ്പിടിച്ചു തുടങ്ങി. രക്തബന്ധമുള്ളവർ തമ്മിലുള്ള ലൈംഗികബന്ധം പാശ്ചാത്യ സാഹിത്യത്തിലെ-ഗൗരവപൂർവ്വമുള്ള സാഹിത്യത്തിലെ-മുഖ്യവിഷയമെന്നനിലയിൽ തുടരുകയാണ്. പാശ്ചാത്യഗ്രന്ഥ കാരനെപ്പററിയാലോചിച്ചും വിഷമം തോന്നുന്നു. ഇനി എന്താണ് അതിൽ വിഷയമായി സ്വീകരിക്കുക? സ്വയം എന്തെങ്കിലും പുത്'യ വിഷയം കണ്ടെത്താൻ കഴിയുമോ? അതോ ഇന്ത്യാക്കാരായ നാം നമ്മുടെ തന്ത്രസാഹിത്യനിധിയിൽ നിന്നു ചിലതു് നൽകി സഹായിക്കണമോ?

സിനിമയെടുത്തു നോക്കൂ—ഏററവും നല്ല സിനിമതന്നെ ആയിക്കൊള്ളട്ടെ—ഏററവും മികച്ച യൂറോപ്യൻ സംവിധായകരെയെടുത്തു് നോക്കിക്കൊള്ളൂ. ഇൻഗ്മർബർഗ്മാനോഫെല്ലിനിയോ അതല്ലെങ്കിൽ പുതിയ പ്രസ്ഥാനത്തിൻെറ മുന്നോടികളായ ആരെങ്കിലുമായിക്കൊള്ളട്ടെ. അവരൊക്കെത്തന്നെ ജീവിതത്തിൻെറ ഗുരുതരമായ പ്രശ്നങ്ങളിൽ തൽപ്പരരാണ് പക്ഷെ ഇണചേരൽ രംഗങ്ങൾ കൂടിയേ കഴിയൂ. നായികയെ നഗ്നയായി കാണിക്കാതെ നിർവ്വാഹമില്ല. ഇവിടെ എതിർപ്പ് കലാതത്വങ്ങളുടെ പേരിലല്ല. തീർച്ചയായും സന്മാർഗ്ഗത്തിൻെറ പേരിലുമല്ല. നഗ്നയായി കാണിക്കപ്പെടുന്ന നടികൾ കാണാൻ കൊള്ളാവുന്നവരാണെന്നതിൽ തർക്കവുമില്ല. മനുഷ്യ നേത്രങ്ങൾക്കു് ഉത്സവം നൽകുന്ന വസ്തുക്കളിൽ നഗ്നമായ സ്ത്രീകളുടെ രൂപം ഏററവും സുന്ദരമായ ഒന്നാണു താനും. ഇക്കാര്യത്തിൽ എനിക്കു് നീരദ്നി ചൗധരിയുടെ അഭിപ്രായം തന്നെയാണ്. ചെരിഞ്ഞുകിടക്കുന്ന വീനസ്സിൻെറ ചിത്രത്തോട് അദ്ദേഹത്തിനുള്ള ആദരവിൽ ഞാനും പങ്കുചേരുന്നു. ലണ്ടണിലെ നാഷണൽ ഗാലറിയിൽ കാലുകുത്തിയാലുടനെ ആ ചിത്രത്തിനടുത്തേക്കു് ചെല്ലുന്ന പതിവ് എനിക്കും ഉണ്ട്. പക്ഷെ ഇത്തരത്തിലുള്ള സൌന്ദര്യാസ്വാദനമല്ലേ സിനിമാ സംവിധായകർ നിങ്ങൾക്കു് നൽകാനുദ്ദേശിക്കുന്നത്. കാരണം നഗ്നരൂപത്തിൻെറ സൌന്ദര്യം ആസ്വദിക്കണമെങ്കിൽ സമയമെടുത്ത് അത് നോക്കിക്കാണാൻ സാധിക്കണം. പെയിൻറിങ്ങ് കാണുന്നതുപോലെ വിവിധകോണുകളിൽ നിന്നു നോക്കാൻ സാധിക്കണം അതല്ലെങ്കിൽ ഏതെങ്കിലും ശില്പത്തിനു ചുററും നടന്നു നോക്കാൻ കഴിയണം. കലാകാരൻ മാതൃകയാക്കുന്ന മാംസവും രക്തവുമുള്ള യുവതിയെ അങ്ങിനെ നോക്കിക്കാണാൻ പററുന്നുണ്ടല്ലോ. പക്ഷെ സിനിമയിൽ അങ്ങിനെ കാണാൻ ആരേയും അനുവദിക്കുന്നില്ല. എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുന്നതിനിടയിലാണു് നഗ്നയുവതിയെ കാണുന്നത്. ഒന്നുകിൽ ഒരു വസ്ത്രം മാററി മറെറാന്നു എടുത്തിടുന്നതിനിടയിൽ നഗ്നയുവതിയെ കാണാം അതല്ലെങ്കിൽ കുളിത്തൊട്ടിലിൽ ഇറങ്ങുമ്പോഴോ, കാമുകനുമൊത്തു കിടക്കാൻ

(ശേഷം 13-ാം പേജിൽ)

# അപ്രസക്തി [കഴിഞ്ഞലക്കം തുടർച്ച]

ബ്രിട്ടനിലെ ലേബർപാർട്ടി എങ്ങിനെ നോക്കിയാലും ഒരു പുരോഗമന കക്ഷിയല്ല. കോൺഗ്രസ്സിടതുപക്ഷക്കാർ തങ്ങളുടെ പാർട്ടിയുടെ നേരെ കാണിക്കുന്നതിലെത്രയോമടങ്ങ് ധൈര്യം സ്വന്തം പാർട്ടിയുമായി അഭിപ്രായ വിയോജിപ്പു പ്രകടമാക്കുന്നതിലും എതിർത്ത് വോട്ടുചെയ്യുന്നതിലും ലേബർ പാർട്ടി അംഗങ്ങൾ കാണിക്കുന്നു.

വലതുപക്ഷ കക്ഷികളോട് കൂടുതൽ മയമുള്ള ഒരു സമീപനം കൈക്കൊള്ളണമോ, വർഗ്ഗീയതയോടും അതിന്റെ പിന്തിരിപ്പൻ ഉടപാടുകളോടുമുള്ള സമരം മതിയാക്കണമോ എന്നു തുടങ്ങിയ കാര്യങ്ങളൊന്നുമല്ല അപ്പോൾ പ്രശ്നം. കോൺഗ്രസ്സ് പാർട്ടിയോടും കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള അതിന്റെ ഭരണകൂടങ്ങളോടുമുള്ള സമീപനമെന്തായിരിക്കണമെന്നതാണ് കാതലായ പ്രശ്നം.

എന്റെ അഭിപ്രായത്തിൽ ഇടതുപക്ഷ കക്ഷികൾ കോൺഗ്രസ്സിന് പിന്തുണ നൽകരുത്, എങ്ങും അതിനെ അധികാരത്തിൽ തുടർന്നിരുത്തുന്നതിനു സഹായകമായ നിലപാട് സ്വീകരിക്കുകയുമരുത്. കോൺഗ്രസ്സിനെ അധികാരത്തിൽ നിന്ന് നീക്കം ചെയ്യുകയും ജനകീയ മുന്നണികൾ കെട്ടിപ്പടുത്ത് ഒത്തൊരുമിച്ചു പ്രവർത്തിക്കുകയുംമാത്രമേ കോൺഗ്രസ്സേതരതത്വത്തിന്റെ യുരോഗമനപരമായ സ്വഭാവം വികസിപ്പിക്കാൻ സാദ്ധ്യമാകൂ. സമയോചിതമായ പരിപാടികളും അവ പ്രായോഗികമാക്കാനുള്ള ആത്മാർത്ഥമായ താൽപ്പര്യവും കൊണ്ടല്ലാതെ വെറും താത്വികമായ സാമ്യഭായം കൊണ്ട് പുരോഗമനപരമായ നേട്ടങ്ങൾ ഉണ്ടായിക്കൊള്ളണമെന്നില്ല.

മുൻകൂട്ടിയുള്ള യുക്തി വിചാരത്തിന്റെ മാത്രം അടിസ്ഥാനത്തിലല്ല, മറിച്ച് പ്രവൃത്തി മാർഗ്ഗത്തിലൂടെ പ്രായോഗികമായിട്ടാണ് ഇതു പരീക്ഷിക്കേണ്ടതു്. കോൺഗ്രസ്സേതര പ്രവണതയിൽ ഇടതുപക്ഷപാർട്ടികൾ സ്വാധീനശക്തിയോടെ നിൽക്കുന്ന സ്ഥലങ്ങളിൽ, അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ഐക്യമുന്നണിയായി അതിനുവേണ്ടി മാത്രം വലതുപക്ഷ പാർട്ടികളേക്കൂടി ഉൾക്കൊള്ളിക്കാവുന്ന തരത്തിലാക്കി അതിന്റെ സ്വഭാവം മാററണമെന്നില്ല ഞാനുദ്ദേശിക്കുന്നതു്.

ഇടതുപക്ഷ ജനാധിപത്യ ജനമുന്നണി എന്ന മുദ്രാവാക്യവും വലതുപക്ഷ വർഗ്ഗീയ പിന്തിരിപ്പൻ കക്ഷിയായ കേരളത്തിലെ മുസ്ലീം ലീഗുമായുള്ള വലതു കമ്യൂണിസ്റ്റു പാർട്ടിയുടെ ചാർച്ചയും എങ്ങിനെ പൊരുത്തപ്പെടാനാണ്?

ആദ്യമൊക്കെ വലതു കമ്യൂണിസ്റ്റു പാർട്ടി മുസ്ലീം ലീഗുമായി സഹകരിക്കുന്നതിനെതിരായിരുന്നു. പക്ഷേ പിന്നീടെന്തോ കാരണം കൊണ്ടവർ ആ നിലപാടു മാററി. ഭൂരിപക്ഷത്തിന്റെ വർഗ്ഗീയത അത്യാപൽക്കരമാണെന്നും എന്നാൽ ന്യൂനപക്ഷത്തിന്റെ വർഗീയതയിൽ അത്രതന്നെ അപകടമില്ലെന്നുമുള്ള ഒരു തരം വിചിത്രമായ ന്യായീകരണം ഈ പുതിയ സഖ്യത്തിനു് വലതു കമ്യൂണിസ്റ്റു പാർട്ടി കണ്ടുപിടിച്ചു.

ഇതുകൊണ്ടെല്ലാം വ്യക്തമാകുന്നതു് രണ്ടു കമ്യൂണിസ്ററു പാർട്ടികളും അഖിലേന്ത്യാതലത്തിലുള്ള ഒരു കാഴ്ചപ്പാടിന്റേയോ സ്ഥായിയായ അഖിലേന്ത്യാ നയത്തിന്റേയോ അടിസ്ഥാനത്തിലല്ല, മറിച്ച് തങ്ങളുടെ സങ്കുചിതമായ പ്രാദേശിക വീക്ഷണവും താല്പര്യങ്ങളും ആവശ്യങ്ങളും പ്രതിഫലിപ്പിക്കുകയോ അവസരപരമായ തങ്ങളുടെ രാഷ്ട്രീയ സമവാക്യങ്ങൾ കൊണ്ട് യുക്തിപൂർവ്വമാക്കി അവതരിപ്പിക്കുവാൻ ശ്രമിക്കുകയോ ആണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നാണ്.

അപ്പോൾ കോൺഗ്രസ്സിനെ അധികാരത്തിൽ നിന്ന് നീക്കം ചെയ്യാൻ ആവശ്യമായതൊക്കെ തങ്ങൾക്ക് ശക്തിയുള്ള സംസ്ഥാനങ്ങളിൽ അവർ വേഗത്തിലും ഫലപ്രദമായും ചെയ്യുന്നു, എന്നാൽ S.S.P.ക്ക് ശക്തിയുള്ള സ്ഥലങ്ങളിൽ ധാരണകളുടെ കാര്യത്തിലും കൂട്ടുകെട്ടുകളുടെ കാര്യത്തിലും തങ്ങളുടെ അപ്രസക്തവും അയഥാർത്ഥവുമായ നിലവാരത്തിലുള്ള പരീക്ഷണോപാധികൾ അവർ നിർദ്ദേശിക്കുന്നു. ഈ വക കാര്യങ്ങളിലൊക്കെ ആദർശം എവിടെ എന്നു മനസ്സിലാക്കാൻ പ്രയാസമുണ്ട്. എല്ലാരാഷ്ട്രീയ കക്ഷികളും ചില വസ്തുതാപരമായ ഉപാധികളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് അവയുടെ ഒക്കെ രാഷ്ട്രീയം സ്വാഭാവികമായും പ്രാദേശികമായ പ്രത്യേകതകളുടേയും ആവശ്യങ്ങളുടെയും നിറം ചേർന്നതായിരിക്കും. പക്ഷെ

—മധുലിമായെ

ഒരു ദേശീയകക്ഷി ഈ പരിഗണനകൾക്ക് അതീതമായി ഉണർന്ന് തികച്ചും ദേശീയമായ ഒരു നയം ആവിഷ്ക്കരിക്കേണ്ടതല്ലേ? പക്ഷെ ഇതു ചെയ്യാൻ രണ്ടു കമ്മ്യൂണിസ്റ്റു പാർട്ടികൾക്കും സാധ്യമല്ല എന്തുകൊണ്ടെന്നാൽ മഹേന്ത്യ അവരെ സംബന്ധിച്ചിടത്തോളം നിലനില്ക്കുന്നില്ലതന്നെ. പ്രാദേശികമായ പ്രശ്നങ്ങൾ വച്ചുള്ള അവരുടെ കരണം മറിച്ചിലും വിദേശബന്ധങ്ങളും ദേശീയ താല്പര്യങ്ങളെ അന്തർദ്ദേശീയ താല്പര്യങ്ങളുടെ താഴെ കെട്ടുന്ന അവരുടെ പാരമ്പര്യവും ആണ് ഇതിനൊക്കെ കാരണം. ഇന്ത്യൻ രാഷ്ട്രീയ പാശ്ചാത്തലത്തിലെ ഈ യാഥാർത്ഥ്യങ്ങളും അവയിൽനിന്ന് ഉളവാകുന്ന അഭിപ്രായാന്തരങ്ങളും കൂടാതെ ഞങ്ങളെപോലുള്ള ചിലർ, ജനങ്ങളുടെ ഭാഷ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന പുറമെ നിന്നുള്ള ഇടപെടലുകളിൽനിന്ന് സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് സിദ്ധിക്കേണ്ട സ്വാതന്ത്ര്യം തുടങ്ങിയവ അടിസ്ഥാന പ്രശ്നങ്ങളായി തന്നെ കരുതുമ്പോൾ ഞങ്ങളുടെ പ്രത്യേകാസ്ഥിത്വം ന്യായീകരിക്കുമ്പോൾ ഒരിടതുപക്ഷ ഐക്യമുന്നണിക്കുവേണ്ടി ഇവയിൽ ഏതെങ്കിലുമൊന്നിനെ ബലികഴിക്കുകയോ ചെയ്താൽ ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ ഇന്ത്യയിലെ ഏററവും വലിയ സംസ്ഥാനങ്ങളിലോ കേന്ദ്രത്തിൽതന്നെയോ കോൺഗ്രസ്സിനു് പകരമായ് ഒരു ഭരണകൂടം നല്കുക സാദ്ധ്യമല്ല. ദേശീയ ജനാധിപത്യ ശക്തികളുടെ ഉറപ്പുള്ള കൂട്ടുകെട്ട് എന്ന ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി മുതലാളിത്വത്തിനും ജന്മിത്വത്തിനും എതിരായ സമരം തണുപ്പിക്കാൻ ഞങ്ങൾ തയ്യാറില്ലാത്തതുപോലെ തന്നെ ദേശീയ താല്പര്യങ്ങളുടേയും രാജ്യത്തിന്റെ അതിർത്തിയുടേയും പ്രശ്നങ്ങളിലും ഞങ്ങളുടെ നിലപാട് വിട്ടുവീഴ്ചചെയ്ത് വെട്ടിച്ചുരുക്കാൻ ഞങ്ങൾ തയ്യാറല്ല.

ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയും മാർക്സിസ്റ്റു പാർട്ടിയും ആയ മേല്പറഞ്ഞ കാര്യങ്ങളിൽ എനിക്ക് വിയോജിപ്പുണ്ട് എന്നുള്ളതുകൊണ്ട് യോജിക്കാൻ കഴിയാവുന്ന പ്രശ്നങ്ങളിന്മേൽ കൂട്ടായ പ്രവർത്തനം സാദ്ധ്യമല്ല എന്നർത്ഥമില്ല. പൊതുനയത്തിൽ ഉടനെതന്നെ ഒരു യോജിപ്പു

ണ്ടായില്ലെങ്കിൽ ഒരാൾക്കും തന്റെ നയം മറ്റൊരാളുടെമേൽ അടിച്ചേൽപ്പിക്കുക സാദ്ധ്യമല്ല. എസ്. എസ്.പി. യുമായി സഹകരിക്കുകയും അതു് വിപുലീകരിച്ചു് ശക്തിപ്പെടുത്തി കെട്ടുറപ്പുള്ള ഒരു ശക്തിയായി മാറ്റുവാൻ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് താൽപ്പര്യമുണ്ടെങ്കിൽ അതിന്റെ ഇന്നത്തെ പല നയങ്ങളും ക്രമീകരിക്കേണ്ടിവരും. അടിസ്ഥാനപരമായ ഈ വസ്തുത ഓർത്തുകൊണ്ട് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർ സ്വാതന്ത്ര്യാധിഷ്ഠിതമായ വികസനത്തിന്റെ നേരെ ഒരു പുതിയ കാഴ്ചപ്പാട് സ്വീകരിക്കുന്നതു് നന്നായിരിക്കും. മോസ്ക്കോയിൽവെച്ചുനടന്ന അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ്സമ്മേളനത്തിൽവെച്ച് ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ്പാർട്ടി സി. പി. എസ്. യു വിന്റെ മേലാളൻനയത്തേയും ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ തലപ്പത്തിരിക്കാൻ അതിനുള്ള അവകാശത്തേയും സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് പരിമിതമായ പരമാധികാരം എന്ന തത്വത്തേയും അതിന്റെ കാപട്യത്തേയുമൊക്കെ വെല്ലുവിളിച്ചില്ലേ?

അവരുടെ വക്താവായ മി. ബെർലിൻഗ്വർ ഇങ്ങനെ പറഞ്ഞു:-

നമ്മുടെ പ്രസ്ഥാനത്തിന്റെ വികസിതവും പക്വവുമായ ഈ അവസ്ഥയിൽ കൽപ്പിക്കുകയും നിർദ്ദേശിച്ച് നിയന്ത്രിക്കുകയുംചെയ്യുന്ന ഒരു കേന്ദ്രത്തിന്റേയോ രാജ്യത്തിന്റേയോ പാർട്ടികളുടെ ഒരു പാർട്ടിയുടേയോ അസ്ഥിത്വം ന്യായീകരിക്കത്തക്കതല്ലെന്നു തന്നെയാണ് ഞങ്ങളുടെ ഇപ്പോഴും എപ്പോഴുമുള്ള അഭിപ്രായം........ ഓരോ കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും സ്വാതന്ത്ര്യം അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം........ അടിസ്ഥാനപരമായി ഈ പ്രശ്നം പ്രസ്ഥാനത്തിന്റെ ഏകാധിപത്യപരമായ ധാരണകളെ അടിച്ചമർത്താൻതന്നെയാണ്, ഈ ധാരണകൾ പഴക്കംചെന്നവയാണെന്നു മാത്രമല്ല, പൂർണ്ണമായും തെറ്റുമാണ്. അദ്ദേഹം തുടർന്നു പറഞ്ഞു; സോഷ്യലിസ്റ്റ്ചേരിയിൽപ്പോലും ദേശീയ പരിതസ്ഥിതികൾ, വികാരങ്ങൾ, താൽപ്പര്യങ്ങൾ എന്നിവ അവഗണിച്ചുകൂടാ. ദേശീയവികാരം കണക്കിലെടുക്കാതിരിക്കുകയോ ലംഘിക്കപ്പെടുകയോ ചെയ്താൽ യഥാർത്ഥമായ ഐക്യംപോലും അസാദ്ധ്യമാണ്.

ദേശീയവികാരത്തിന്റെ ബാഹ്യപ്രകടനങ്ങളെ പരിതാപകരമായ സങ്കുചിതത്വത്തിലേക്കുള്ള പതനമായിക്കാണുന്ന മെയ്ൻസ്ട്രീം, ലിങ്ക്, പാട്രിയറ്റ് തുടങ്ങിയ പത്രമാസികകൾ ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഈ നിഗമനങ്ങളുമായി യോജിക്കുകയില്ലതന്നെ. എസ്. എസ്. പി. യേയും എന്നെയും കച്ച്—കച്ചതീവു പ്രശ്നത്തിൽ ഞങ്ങളെടുത്ത ദേശീയനയത്തിന്റെപേരിൽ നിന്ദ്യമായി ആക്രമിക്കുക പതിവായിരുന്നു അവർ. ഭൂമിശാസ്ത്രപരമായി ലോകത്തിലെ ഏറ്റവും വലിയരാജ്യം ഉസ്സൂറിലുള്ള മഞ്ഞുമൂടിയ തരിശുഭൂമിയായ ഡാമൻസ്കിദ്വീപിനുവേണ്ടി സഹോദര കമ്മ്യൂണിസ്റ്റ്രാഷ്ട്രവുമായി ശണ്ഠകൂടുമ്പോൾ ആ തരിശുപ്രദേശത്തെ സോവിയറ്റ്പിതൃഭൂമിയുടെ പവിത്രവും അവിഭാജ്യവുമായ പാവനമണ്ണ് എന്നു് മുദ്രയിടുന്ന ഈ ഫാഷൻ ഇടതുപക്ഷക്കാർ എന്തുകൊണ്ട് പ്രയോജനശൂന്യമായ ആ ഹിമമരുപ്രദേശം ചൈനീസ് സഖാക്കൾക്ക് വിട്ടുകൊടുത്തുകൊണ്ട് തർക്കംതീർക്കാൻ സോവിയറ്റ്റഷ്യയെ ഉപദേശിക്കാനുള്ള ഊറ്റം കാണിക്കുന്നില്ല? മോസ്ക്കോസമ്മേളനത്തിൽവെച്ച് ചൈനാവിരുദ്ധ കോറസ്സിൽകൂടി പാടുന്നതിനും ചെക്കോസ്ളാവാക്യയിൽ സോവിയറ്റ് യൂണിയൻ ഇടപെടുന്നതിനേയും ന്യായീകരിക്കുന്നവരുടെ കൂട്ടത്തിൽ ഉൽസാഹപൂർണ്ണം പിൻതാങ്ങിയും കോമിൻഫോം എന്ന പഴക്കംചെന്നു് പരിത്യജിക്കപ്പെട്ട അന്തർദേശീയ നിർദ്ദേശകേന്ദ്രത്തെ പിൻതാങ്ങുന്നവനായും എസ്. എ. ഡാങ്കേ പങ്കെടുത്തു. അദ്ദേഹത്തിന്റെ ചൈനാവിരുദ്ധക്കച്ചവടം ഇന്ത്യൻ ദേശീയ താൽപ്പര്യങ്ങളുടെ ഫലമായി ഉണ്ടായതല്ല. 1950-ാം ദശകത്തിൽ ചൈനക്കെതിരായി ഉയർന്ന എല്ലാ വിമർശനങ്ങളേയും പിന്തിരിപ്പൻ ഇന്ത്യയുമായി താരതമ്യംചെയ്തുകൊണ്ട് അദ്ദേഹം തള്ളിക്കളഞ്ഞു. ചൈന ഒരു കമ്മ്യൂണിസ്റ്റ്രാജ്യമായതുകൊണ്ട് അതിനൊരു അക്രമിരാജ്യമാകാൻ കഴികയില്ല എന്നുവരെ അദ്ദേഹം പറഞ്ഞു. 'സോവിയറ്റ്യൂണിയന്റെ അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ്അധിനായകത്വം ചൈന വെല്ലുവിളിച്ചപ്പോൾ മാത്രമാണ് അദ്ദേഹം ഒരു രാജ്യസ്നേഹിയായി മാറിയതു്.

ഒട്ടിച്ചുചേർത്ത ഈ രാജ്യസ്നേഹം വളരെ വഞ്ചനാപരമാണ്. ഇടതുപക്ഷകക്ഷികളുടെ ഐക്യത്തിന്റെ കോൺഗ്രസ്സിനെ കൂടാതെയോ കോൺഗ്രസ്സ് ഉൾപ്പാടാത്തതോ, മിസ്സിസ് ഗാന്ധിയുടെ നേതൃത്വത്തിനു ചുറ്റും കറങ്ങാത്തതോ ആയ ഐക്യമല്ല—പ്രവക്താക്കളായ യുവതുർക്കികൾ പോലും ഇതിൻ ആകൃഷ്ടരായിരിക്കുന്നു. നക്സലൈറ്റുകളേയും മാർക്സിസ്റ്റ്കമ്മ്യൂണി[illegible]കളേയും ഈ ഐക്യനിലയി[illegible]ത്തണമെന്ന് അവർ നിർ[illegible]—ഒരുപക്ഷെ, അവരുൾപ്പെ[illegible]മുന്നണിക്ക് രാജ്യസ്നേഹപരമല്ല[illegible] ഘടണം ഉണ്ടാകും എന്നായിരിക്കാം. [illegible]വർക്കു സ്വീകാര്യമായ വലതുകമ്മ്യൂ[illegible]കളുടെ ഈ ദേശീയത്വം തൊലി[illegible]ത്തോളംമാത്രം ആഴമുള്ളതാണെന്നു ബോദ്ധ്യപ്പെടാൻ ചെറിയ ഒരു വിശകലനംമാത്രം മതി. അവരുടെ ദേശീയത വളരെ പരിമിതമായ ഒരു പരിധിയിൽ മാത്രം ഒതുങ്ങുന്നതാണ്, സോവിയറ്റ് യൂണിയനോടുള്ള അവരുടെ അടിസ്ഥാനപരമായ വിധേയത്വം അനുവദിക്കുന്ന തലത്തിലുള്ള ഇന്ത്യൻ ദേശീയതാൽപ്പര്യങ്ങളെ സംബന്ധിച്ചിടത്തോളംമാത്രം ഈ രണ്ടു് താൽപ്പര്യങ്ങളുടേയും സംഘട്ടനങ്ങളിൽ നിന്നു് തച്ച് പ്രശ്നത്തിലും പാക്കിസ്ഥാനുള്ള റഷ്യൻ ആയുധസഹായത്തിന്റെ പ്രശ്നത്തിലും പ്രകടമായതുപോലെ വലതുകമ്മ്യൂണിസ്റ്റുകാര സോവിയറ്റ് യൂണിയനോടുള്ള അവരുടെ വിധേയത്വ പ്രകടനത്തിനുവേണ്ടി ഇന്ത്യയുടെ താൽപ്പര്യങ്ങളെ ബലികഴിക്കുവാൻ മടികാണിക്കുകയില്ല. സോഷ്യലിസ്റ്റ്രാഷ്ട്രങ്ങൾക്ക് പരിമിതമായ പരമാധികാരം എന്ന സോവിയറ്റ് തത്വവും ഈ രാജ്യങ്ങളുടേയും അവിടുത്തെ പാർട്ടികളുടേയും അന്തർദേശീയ കാര്യങ്ങളിൽ സോവിയറ്റ്യൂണിയന് ഇടപെടാനുള്ള അവകാശവും സോവിയറ്റ്റഷ്യക്കും റഷ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കും മറ്റുള്ളവരുടെ ആഭ്യന്തരമായ കാര്യങ്ങളിൽ ഇടപെടാനുള്ള സാഹചര്യങ്ങൾ ഉണ്ട് എന്നു് നിർണ്ണയിക്കുന്നതിനുള്ള ഉപാധികൾ നിർവഹിക്കുന്നതിനുമുള്ള ഏറ്റവും അന്തിമവും ഏകവുമായ മാദ്ധ്യസ്ഥസ്ഥാനവും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഭൂരിപക്ഷവും അംഗീകരിക്കുന്നുണ്ട് എന്നു് എന്നു് ചെക്കോസ്ലാവാക്യൻ പ്രശ്നം ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു.

ഇനികോൺഗ്രസ്സ് ഇടതുപക്ഷത്തിന്റെ നില എന്താണ്? അവരിൽ ചിലരെങ്കിലും റഷ്യയിൽനിന്നു് കല്പനകൾ സ്വീകരിക്കുന്നുണ്ട്. ചെക്കോസ്ലാവാക്യയോ നിന്ദ്യമായ പരിമിത പരമാധികാരതത്വമോ സോവിയറ്റ യൂണിയനു് ഉള്ള ഇടപെടലവകാശമോ ഒന്നും തന്നെ അവരെ സംബന്ധിച്ചിടത്തോളം നിലനില്ക്കുന്നേ ഇല്ല!

വളരെ പ്രധാനപ്പെട്ട ഇതുപോലൊരു പ്രശ്നത്തെ കുറിച്ച് കോൺഗ്രസ് ഇടപക്ഷങ്ങൾക്ക് അഭിപ്രായമൊന്നുമില്ല എ

ന്നു പറയുന്നതു് അത്ഭുതകരമല്ലേ? അവർ ഇതിൽ യാതൊരു താല്പര്യവും എടുക്കുന്നില്ല. ഒന്നുകിൽ അവർക്കു് മനസ്സാക്ഷി എന്നൊന്നില്ലാ ഉണ്ടെങ്കിൽ അതവരെ അല്പം പോലും ശല്യപ്പെടുത്താത്ത വിധത്തിൽ എന്നേ മരിച്ചുപോയിരിക്കുന്നു!

അപ്പോൾ ഇതൊക്കെയാണു് ഇടതുപക്ഷം എന്ന പേരിൽ കാലാകാലമായി അറിയപ്പെട്ടു് പോരുന്നതിന്റെ പൊരുളുകൾ. ഈ കുപ്പയിൽ നിന്നു നാം എങ്ങിനെയാണു് ഇടതുപക്ഷത്തെ വലിച്ചു പുറത്തുകൊണ്ടുവരിക എങ്ങിനെയും ണ്. നാം അതിനെ പുനഃസൃഷ്ടി ചെയ്യേണ്ടുകുക? അപ്രകാരമുള്ള ഒരു പുനഃസൃഷ്ടി താഴെ പറയുന്ന പ്രധാനപ്പെട്ട ഉപാധികളുടെ അടിസ്ഥാനത്തിലായിരിക്കണം.

1 കോൺഗ്രസ്സ് പാർട്ടിയിലോ, കോൺഗ്രസ്സിലെ ഏതെങ്കിലും ഗ്രൂപ്പിലോ നേതാവിലോ അല്പ വിശ്വാസത്തിന്റെ ഭാവി ആശ്രയിച്ചിരിക്കുന്നതു ;

2 ഇടതു് പക്ഷ കക്ഷികൾ സംസ്ഥാന ദേശീയ തലത്തിൽ കോൺഗ്രസ് വിരുദ്ധ പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനത്തും സ്വയം പ്രതിഷ്ഠിക്കപ്പെടുകയും ജനങ്ങൾക്ക് കോൺഗ്രസിനോടുള്ള അതൃപ്തി ഏകീകരിച്ചു ശക്തിപ്പെടുകയും വേണം.

3 അല്പവിശ്വാസികൾ ഹരിജനങ്ങൾ, ഭൂരഹിതർ കൃഷിനടപ്പാക്കുന്നവർ ചെയ്യുന്ന കാർഷികത്തൊഴിലാളികൾ വ്യാവസായിക തൊഴിലാളികൾ, നഗരങ്ങളിലെ ദരിദ്ര ജനത, വിദ്യാർത്ഥികൾ തൊഴിൽരഹിതരായ യുവ ജനങ്ങൾ തുടങ്ങിയ വിഭാഗങ്ങളെ സംഘടിപ്പിച്ചു സാധാരണ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ആധാരമാക്കി ദേശവ്യാപകമായ ഒരു മുന്നണി രൂപീകരിക്കണം. ഏററവും അടിത്തട്ടിൽ നിന്നു തന്നെ ഒരാരംഭമെന്നോണം ഇളക്കിവിടണം,

4 ആദർശപരവും, വസ്തുതാപരവുമായി ശുദ്ധവും സ്വാഭാവികവുമായ അടിമ പാരതന്ത്ര്യ സ്വഭാവം ഉപേക്ഷിക്കുകയും നിയന്ത്രണകേന്ദ്രങ്ങളിൽ നിന്നും വഴികാട്ടി പാർട്ടികളിൽ നിന്നും രാഷ്ട്രങ്ങളിൽ നിന്നുമുള്ള നിയന്ത്രണങ്ങൾ പരിത്യജിച്ചു സ്വയം പൂർണ്ണമായ സ്വാതന്ത്ര്യപൂർണ്ണമായ ഒരിടതുപക്ഷ പ്രസ്ഥാനം കെട്ടിപ്പടുക്കുകയും വേണം.

5 ശോകാകുലയായ കോൺഗ്രസ് കന്യകയെ രക്ഷപ്പെടുത്തുന്ന ധീരനായകന്മാരുടെ ഭാഗം അഭിനയിക്കുന്ന പതിവുനിർത്തി ഇരുണ്ട പിന്തിരിപ്പൻ ശക്തികളോടുള്ള ഭീതി ഉപേക്ഷിക്കണം. ഈ ഭീതി കോൺഗ്രസിനേയും പിന്തിരിപ്പൻ സ്വഭാവത്തേയും ശക്തിപ്പെടുത്തുന്നു,

6 വർഗ്ഗീയതക്കും പിന്തിരിപ്പൻമാർക്കും എതിരായ് സന്ധിയില്ലാ സമരം നടത്തുമ്പോൾ പ്രശ്നങ്ങളും പരിപാടികളും ആധാരമാക്കിയുള്ള ഫലവത്തായ സഹവർത്തിത്വത്തിനു് സഹായകമാകുന്ന അവസരങ്ങൾ ഒന്നും തള്ളിക്കളയരുതു്. വ്യക്തമായ പ്രശ്നങ്ങളുടേയും ഉഭയസമ്മതമുള്ള പരിപാടികളുടേയും അടിസ്ഥാനത്തിൽ D. M. K. അകാലിദൾ, B.K.D ജനസംഘം തുടങ്ങി കോൺഗ്രസേതര കക്ഷികളായും സ്വതന്ത്രപാർട്ടിയായി പോലും ഒന്നിച്ചു നിൽക്കുന്നതിനു ഇടതുപക്ഷകക്ഷികൾക്കു് ഭയപ്പാടു് ഉണ്ടാകേണ്ടകാര്യമില്ല. പേടികൊണ്ടു് വലതുപക്ഷങ്ങൾ മാറിനിൽക്കുന്നു എങ്കിൽ അതു് മറെറാരു കാര്യമാണല്ലോ,

7 നക്സലൈററു് യുവാക്കളുടെ നീക്കം അവഗണിക്കാവുന്നതല്ലാത്തതുകൊണ്ടു് അവരുമായും ചർച്ചകൾ നടത്തേണ്ടതുണ്ടു്. ബഹുജനമുന്നേററത്തിന്റെ പ്രവാഹത്തിലേക്കു് അവരേയും അടുപ്പിക്കേണ്ടതുണ്ടു്,

8 ഇന്ത്യൻ ഇടതുപക്ഷങ്ങൾക്കുള്ളിൽ ഇന്ത്യൻ രാഷ്ട്രീയത്തെ സംബന്ധിക്കുന്ന എല്ലാപ്രശ്നങ്ങളെക്കുറിച്ചും അതുപോലെതന്നെ വിദേശനയത്തെക്കുറിച്ചും ഒരു ശണ്ഠയുടെ രൂപത്തിലല്ലാതെ വളരെ ആഴത്തിൽ അന്യോന്യാ മനസ്സിലാക്കുന്നതിനു് സാധിക്കുമെങ്കിൽ യോജിക്കുന്നതിനും സഹായകമായ വിധത്തിൽ ചർച്ച നടക്കണം

9 പൊതുവായനയത്തിൽ യോജിപ്പ് അസാദ്ധ്യമെന്ന കാരണത്തിൽ ഒരിടതുപക്ഷ പാർട്ടിയും വ്യക്തമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ മററു പാർട്ടികളുമായ് സഹകരിച്ചുള്ള പ്രവർത്തനം പുച്ഛിച്ചു തള്ളരുതു്.

ഈ മാർഗ്ഗങ്ങൾ വഴി മാത്രമേ ഇന്ത്യൻ ഇടതു പക്ഷങ്ങൾക്കു് തങ്ങളുടെ ശോചനീയമായ അവസ്ഥയിൽ നിന്നു് ഉണർന്നുയർന്നു ഒരു പുതിയ തുടക്കം കുറിക്കാനാവൂ.

ജൂലായ് 1969

## തുടർച്ചക്കുറിപ്പ്

ഇതെഴുതിയതു് എ. ഐ. സി. സി. യുടെ ബാംഗളൂർ സമ്മേളനത്തിനും, സഞ്ജീവറെഡ്ഡിയെ സ്ഥാനാർത്ഥിയായ് നിർത്താനുള്ള പാർലിമെൻററി ബോർഡിന്റെ തീരുമാനത്തിനും മുമ്പാണ്. എസ്. എസ്. പി. അതിന്റെ കോൺഗ്രസ്സ് വിരുദ്ധ നയത്തിന്റെ അടിസ്ഥാനത്തിൽ വി. വി. ഗിരിയുടെ സ്ഥാനാർത്ഥിത്വത്തിനു് പിന്തുണ നൽകി. ഗിരിക്കു് വോട്ടുകൾ നൽകി കോൺഗ്രസ്സിനെ പിളർക്കുക' എന്നതായിരുന്നു അന്നു് ഞങ്ങളുടെ മുദ്രാവാക്യം. പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഗ്രൂപ്പു വൈരങ്ങൾ കോൺഗ്രസ്സിനകത്തു വർദ്ധിപ്പിച്ചു എന്നതും പ്രസിഡന്റ് തിരഞ്ഞെടുപ്പിനുമുമ്പോ അതിനു ശേഷം 1969 ആഗസ്റ്റ് 25-ാം തീയതി ചേർന്ന വർക്കിങ്ങ് കമ്മററിയിൽ നിജലിംഗപ്പ പ്രധാനമന്ത്രിക്കെതിരെ നടപടി ഒന്നും എടുത്തില്ലെങ്കിലും അതേ അഭിപ്രായ സംഘട്ടനം തന്നെയാണു് കോൺഗ്രസ്സിനെ പിളർപ്പോളം എത്തിച്ചതു് എന്ന വസ്തുത നിഷേധിക്കാവുന്നതല്ല.

കോൺഗ്രസ്സിലെ പിളർപ്പ് ആദർശപരമായ സലക്ഷ്യതയോടെ ആണു് എന്നു ഞാനൊരിക്കലും കരുതിയിട്ടില്ല. അതിനുശേഷം വർഷാന്ത്യത്തിൽ പ്രത്യേകം പ്രത്യേകം സമ്മേളിച്ച കോൺഗ്രസ്സിന്റെ രണ്ടു ഖണ്ഡങ്ങളും അവിഭക്ത എ. ഐ. സി. സി. 1967 ൽ അംഗീകരിച്ച പത്തിനപരിപാടികളിൽ തങ്ങൾക്കുള്ള വിശ്വാസം ആവർത്തിച്ചു. അടിസ്ഥാനപരമായ സാമൂഹ്യ പരിവർത്തനങ്ങൾക്കുതകുന്ന സമയോചിതമായ ഉറച്ച ഒരു പരിപാടിയും ഈ രണ്ടു പാർട്ടികളും രൂപീകരിച്ചിട്ടില്ല.

ഭരണകക്ഷി ആദർശം തൊട്ടുതീണ്ടാത്ത നിരവധി ഒത്തുതീർപ്പുകൾ വഴി അതിന്റെ പിന്തിരിപ്പൻ സ്വഭാവം തുറന്നുകാട്ടി. ബോംബെയിൽ ഭള്ളുകൾ നിറഞ്ഞ പ്രമേയം പാസാക്കി 24 മണിക്കൂർ തികയുന്നതിനു മുമ്പുതന്നെ ശ്രീമതി ഗാന്ധി ഈ രാജ്യത്തെ വൻ കുത്തക കുടുംബങ്ങൾക്ക് മൂന്നു നവവത്സര സമ്മാനങ്ങൾ നൽകി. രാജ്യത്തിന്റെ മൊത്തം വനസ്പതി നിർമ്മാണത്തിന്റെ 30 ശതമാനം നിയന്ത്രിക്കുന്ന ഹിന്ദുസ്ഥാൻ ലിവേഴ്സ് എന്ന കുത്തക നിർമ്മാതാക്കൾക്കു് വില വർദ്ധനവിനു് അവർ സമ്മതമേകി. ടാററാമാരേയും ഉരുക്കുല്പാദനത്തിൽ അവരുടെ സഹചാരികളായ ബിരൺമുക്കർജിയേയും ഗോയംഗയേയും സമാധാനിപ്പിക്കാൻ ഉരുക്കു വില വളരെ പെട്ടെന്നു് ഉയർത്തുവാനുള്ള ആവശ്യം അവർ അംഗീകരിച്ചു. ഈ ലേഖനത്തിൽ തന്നെ ആദ്യം സൂചിപ്പിച്ച ഗോവയിലെ വളം നിർമ്മാണത്തിനുള്ള

പോകുമ്പോഴോ, നഗ്നയുവതിയെക്കാണാറാകും. നഗ്നയുവതിയെ കാണിക്കുന്നത് അതിനുവേണ്ടിത്തന്നെയല്ലാത്തതുകൊണ്ടും ആ രംഗങ്ങളോടുള്ള എതിർപ്പ് അത് കലാപരമായി അനാവശ്യമാണെന്ന നിലക്കാണ്. കലയുടെ ഒരുതത്വം എല്ലാ അനാവശ്യ സംഗതികളും വേണ്ടെന്നുവെക്കലാണ്. പക്ഷെ ഈ രംഗങ്ങൾ മനഃപൂർവ്വം കുത്തിത്തിരുകുന്നവയാണ്. ഫലപ്രദമായ ചിത്രീകരണത്തിനു നഗ്നരംഗം കൂടിയേ കഴിയൂവെന്നുള്ള ഒററ കഥയും തന്റെയറിവിലില്ലെന്നു എവിടെയോ സത്യജിത്ത്റേ പറഞ്ഞതായി ഓർക്കുന്നു. എനിക്ക് അദ്ദേഹത്തോട് യോജിപ്പുള്ള ഒരു കാര്യമാണിത്.

തെറിവാക്കുകൾ ഉപയോഗിച്ചിട്ടുണ്ടെന്ന കാരണത്താലോ പ്രണയരംഗങ്ങൾ ചിത്രീകരിച്ചിട്ടുണ്ടെന്ന കാരണത്താലോ സിനിമയും പുസ്തകവും സെൻസർ ചെയ്യപ്പെടാവുന്നതല്ലെന്ന കാര്യം ശരിതന്നെ. പക്ഷെ, തെറിവാക്കുകൾ ഉപയോഗിക്കുമെന്നും നിർബന്ധം പിടിക്കുന്ന ഈ പ്രഗത്ഭബുദ്ധിജീവികളെക്കുറിച്ചു എന്താണ് പറയുക? അവർക്ക് ബോറു തോന്നില്ലേ?

ലൈംഗിക വിപ്ലവം പൂർത്തിയാകാതെ കിടക്കുന്നതിലും അത് ലൈംഗിക വിസ്ഫോടനമായിത്തന്നെ തുടരുന്നതിലും അത്ഭുതമില്ല. സാമൂഹ്യ തലത്തിൽ മാത്രമല്ല, പുരുഷന്മാരുടെ ഭാവനാലോകത്തിന്റെ തലത്തിലും സ്ത്രീകൾ പ്രാപിക്കാത്തിടത്തോളം കാലം ലൈംഗികപിടിയിൽ നിന്നു സ്ത്രീയും പുരുഷനും എങ്ങിനെയാണ് വിമോചിതരാവാൻ പോകുന്നത്? സ്വതന്ത്രരായ രണ്ട് ആളുകൾ തമ്മിലേ ലൈംഗിക ബന്ധം സ്വതന്ത്രമായി നടത്താനാവൂ. രണ്ടിലൊരാൾ ഒരു ഉപഭോഗവസ്തു മാത്രമായിരിക്കുന്നിടത്തോളം സ്വതന്ത്രമായ സ്ത്രീപുരുഷബന്ധം സാദ്ധ്യമാണോ? എങ്ങിനെ വന്നാലും സ്ത്രീയും പുരുഷനും സാമ്പത്തികമായി ഇത്ര വ്യത്യസ്ത നിലവാരത്തിൽ കഴിയുന്ന ഇന്നത്തെ ലോകത്തിൽ എന്തു തരം സ്വതന്ത്രമായ പ്രണയത്തിനാണ് സ്ഥാനമുള്ളത്.? ഭർത്താവിനോടൊത്തല്ലാ ജീവിക്കുന്നതെങ്കിൽ സ്ത്രീയെ അവളുടെ കാമുകൻ കാത്ത് സംരക്ഷിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ നോക്കി സംരക്ഷിക്കുന്നില്ലെങ്കിൽ അതിന്റെയർത്ഥം, അവൾ മററാരുടേയോ ഭാര്യയാണെന്നും അയാളെ അവൾ വഞ്ചിക്കുന്നുയെന്നുമാണ്. പുരുഷൻ പണം കൊടുക്കുകയും സ്ത്രീ അത് മേടിക്കുകയും ചെയ്യാത്തിടത്ത് വിവാഹത്തിനു സാദ്ധ്യതയില്ല തന്നെ.

ലൈംഗിക വിപ്ലവവും പുതിയ വനിതാപ്രസ്ഥാനവും അതിനാൽ പരസ്പരപൂരകങ്ങളാണ്. യഥാർത്ഥത്തിൽ എല്ലാതലത്തിലും തുല്യരായ രണ്ട് പങ്കാളികൾ തമ്മിൽ നടക്കുന്ന ആനന്ദം പങ്കിടലും ഇണചേരലുമല്ലാത്തിടത്തോളം ലൈംഗികബന്ധം വൃത്തികേടായി കരുതുന്നത് അവസാനിക്കുകയില്ല — സാമ്പത്തികമായും നിയമപരമായും തുല്യരായിരുന്നാൽ പോരാ. ആശയങ്ങളുടേയും സമീപനങ്ങളുടേയുംലോകത്തിലും തുല്യരായിരുന്നേ മതിയാവൂ. അതേസമയംതന്നെ, ഇന്നു നടക്കുന്നതുപോലെ, ലൈംഗികബന്ധവുമായി ബന്ധപ്പെട്ടുകിടക്കുന്ന കുററബോധവും അരുതായ്മകളും വലിയ ഒരു വിസ്ഫോടനത്തിൽ ഛിന്നഭിന്നമാകുന്നില്ലെങ്കിൽ, പുതിയ വനിതാപ്രസ്ഥാനത്തിന് സ്ത്രീയുടെ ആത്മസാക്ഷാൽക്കാരമെന്ന ലക്ഷ്യം നേടാനാവില്ല.

അതുകൊണ്ട് ഈ പുതിയ വനിതാ പ്രസ്ഥാനത്തിന്റെ പുരോഗതി പ്രത്യാശയോടുകൂടിനോക്കണം. തീവ്രതവേണമെങ്കിൽ ഗൊറില്ലറെസ്സുകൾക്ക് പുതിയ പല കണ്ടുപിടുത്തങ്ങളും നടത്തേണ്ടിവരും. തൊഴിലാളിവർഗ സമരങ്ങളുടെ ചരിത്രത്തിൽ നിന്നു അവർക്കൊന്നും കടംമേടിക്കാനാവില്ല. സ്ത്രീകൾ ഒരു സാമൂഹ്യവർഗ്ഗമാണെന്നതിൽ തർക്കമില്ല. ശത്രുക്കളുടെ അണികളിൽ അവർ ഏററവും പ്രതികൂലനിലയിൽ ചിതറിക്കിടക്കുകയാണ്—ഒരു പുരുഷനും അവന്റെകൂടെ ഒരു സ്ത്രീയും — വൈകാരികവും കുടുംബപരവുമായ ബന്ധങ്ങൾകൊണ്ട് കെട്ടപ്പെട്ടവർ. തൊഴിലാളികളും മുതലാളികളും തമ്മിൽ നടക്കുന്നതുപോലുള്ള ധ്രുവീകരണം സ്ത്രീയും പുരുഷനുംതമ്മിൽ ഉണ്ടാക്കുക സാദ്ധ്യമല്ല. ആയിരമായിരം വർഷങ്ങളായി സ്ത്രീ മസ്തിഷ്കപ്രക്ഷാളനത്തിനു വിധേയമായിരിക്കെ, ശാരീരികമായി അടുത്തബന്ധത്തിൽ അവരോടൊത്തു കഴിയേണ്ടിവരുന്നുവോ ആ പങ്കാളിതന്നെ ദിനം പ്രതി മസ്തിഷ്കപ്രക്ഷാളനം നടത്തുന്നുവെന്നിരിക്കെ, ലോകവിപ്ലവത്തിന്റെ വിജയത്തിനു മുന്നോടിയായി ഉണ്ടാകേണ്ടുന്ന ഈ സ്ത്രീപുരുഷ സമരം എന്തു രൂപമാണ് കൈക്കൊള്ളുക?

കടപ്പാട്, ഫ്രണ്ടിയർവാരിക

## അപ്രസക്തി [തുടർച്ച]

ലൈസൻസ് ബിർളാക്കുതന്നെ എന്ന് അവർ അന്തിമമായ് തീരുമാനിച്ചു. അന്നെനിക്ക് കിട്ടിയിരുന്ന വിവരം ശരിയാണെന്ന് ഔപചാരികമായും അവസാനമായും പ്രധാനമന്ത്രി തെളിയിച്ചു തന്നിരിക്കുന്നു. ബാങ്ക് നാഷണലൈസേഷൻ ആക്ട് റദ്ദാക്കിയതിനു ശേഷംഗവണ്മെന്റ് പുറപ്പെടുവിപ്പിച്ച ഓർഡിനൻസിൽ നഷ്ടപരിഹാരമായ് ബാങ്കർമാർക്ക്. കനപ്പെടുതുകകൾ നൽകാനുള്ള ഏർപ്പാട് ഉണ്ടാക്കി പുതിയ റെയിൽവെബജററ് മൂന്നാംക്ലാസ്സ് യാത്രക്കൂലി വർദ്ധിപ്പിക്കുകയും അവസാന പ്രത്യാഘാതമായി സാധാരണക്കാരന്റെ ഭാരം വർദ്ധിപ്പിക്കാനുള്ള തരത്തിലാകാനാണു വഴി.

പാർലിമെൻറിൽ തോൽപ്പിക്കപ്പെട്ടേക്കുമോ എന്ന പേടികൊണ്ട് കരുതൽ തടങ്കൽ നിയമം കാലാവധി തീരുന്ന സാധുവാകുവാൻ ശ്രീമതി ഗാന്ധി അനുവദിച്ചു. എന്നാൽ സംസ്ഥാന തലത്തിൽ സ്വന്തം നിയമ നിർമ്മാണവുമായ് മുന്നോട്ടു പോയ്ക്കൊള്ളുവാൻ സംസ്ഥാന ഗവൺമെൻറുകളെ അവർ ഉപദേശിച്ചു. സാന്ദർഭികമായ് പറയട്ടെ പുരോഗമനപരം എന്നു പറയപ്പെടുന്ന ആന്ധ്ര. ആസാം മഹാരാഷ്ട്ര ഇന്ദിക്കേററു ഗവൺമെൻറുകൾ പിന്തിരിപ്പൻ തടങ്കൽ ചട്ടങ്ങൾ പാസ്സാക്കിയിട്ടുണ്ടു. ആന്ധ്രാപ്രദേശും ആസാമും അടിച്ചമർത്തൽ നയമുള്ള പിന്തിരിപ്പൻ നിയമങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. ആന്ധ്രാപ്രദേശ് പാസാക്കിയ ബിൽ മററു രണ്ടു സംസ്ഥാനങ്ങളുടേതിനോടപേക്ഷിച്ച് കൂടുതൽ പ്രാകൃതമാണെന്ന് പറയപ്പെടുന്നു. അത്ഭുതകരമെന്നു പറയട്ടെ. ഗുജറാത്തിലേയും പിന്നീട് രാജിവെച്ച ഉത്തർപ്രദേശിലേയും സിൻഡിക്കേററ് ഭരണ കൂടങ്ങൾ ഈ നിയമ നിർമ്മാണം നടപ്പിലാക്കിയില്ല.

ഇതേപോലെ ഉത്തർ പ്രദേശിൽ പുതിയ കോൺഗ്രസ് ചരൺ സിംഗിന്റെ നേതൃത്വത്തിലുള്ള ഗവർമ്മെണ്ടിനെ നിരുപാധികമായി പിൻതാങ്ങാമെന്ന് സമ്മതിച്ചിട്ടുണ്ട്. ചരൺസിംഗിന്റെ നയം പാവപ്പെട്ട കൃഷിക്കാരോടും ഭൂരഹിതരായ കാർഷിക തൊഴിലാളികളോടു ശത്രുതാചാരമാണ് വളരെ വ്യക്തമായ രീതിയിൽ തന്നെ ലാഭകരമല്ലാത്ത ഭൂമിക്ക് കരം ചുമത്തുന്നത് നിർത്തണം എന്ന

(ശേഷം 15 ാം പേജിൽ)

അധികം വ്യവസായ സാദ്ധ്യതയുള്ള ചെറുകിടക്കാറു നിർമ്മാണത്തിനുള്ള ലൈസൻസ് മുടക്കമുതൽ സഹിതം ഇന്ദിര സ്വന്തം പുത്രനെ ഏൽപ്പിച്ചപ്പോൾ പുത്രന് പങ്കാളിയായി പിടിച്ചുകൊടുത്തതു, ഹൈദ്രാബാദിലെ അവസാന നൈസാമിന്റെ പൗത്രനെയാണ്. തകർന്ന നാട്ടുവാഴിത്തം എന്താകാനാണ് പോകുന്നതെന്ന്, എന്താക്കാനാണ് ഇന്ദിര ശ്രമിക്കുന്നതെന്ന് കാണാൻ മറ്റൊരു തെളിവും വേണ്ട.

നഷ്ടപരിഹാരം കൊടുക്കുമെന്നല്ലാതെ അതിന്റെ തോതു് എന്താണെന്ന് ഇന്ദിരാഗാന്ധി വ്യക്തമാക്കിയിട്ടില്ല. നഷ്ടപരിഹാരത്തിന്റെ മനോഹരമായ വലയ്ക്കു പിന്നിൽ ഇന്ദിരാഗാന്ധിയുടെ ഒടുങ്ങാത്ത അധികാരമോഹമാകുന്ന എട്ടുകാലി പതിയിരിക്കുകയാണ്. ജനസംഘം, സ്വതന്ത്രാപാർട്ടി, സംഘടനാകോൺഗ്രസ്സ് തുടങ്ങിയവയുടെ നിലനിൽപ്പും വളർച്ചയും ഐക്യവും രാജാക്കന്മാരെ ആകർഷിക്കുന്നുണ്ട്. അവരിൽ പലരും ആടിക്കളിച്ചുകൊണ്ടിരിക്കുകയാണ്. അവരെ പ്രലോഭിപ്പിക്കാനും ഭീഷണിപ്പെടുത്താനുമാണ് നഷ്ടപരിഹാരത്തുകയെത്രയെന്ന് പറയാത്തതു്. രാജാക്കന്മാരുടെ ക്യൂ അറിയാനാണ് ഉദ്ദേശം. ഇതിൽ കവിഞ്ഞ അഴിമതിയെപ്പറ്റി ആലോചിക്കാനാകുമോ? ഇന്ദിരയോടൊട്ടിനിന്നാൽ നഷ്ടപരിഹാരത്തുക കൊടുക്കും. ഭരണാധികാരത്തിൽ പങ്കുകിട്ടും. രാജാക്കന്മാർ മന്ത്രിമാരായിവരും. ഇപ്പോൾതന്നെ ഭൂരിപക്ഷം രാജാക്കന്മാർ ഇന്ദിരയുടെ പിന്നിലുണ്ട്. ചിലർ മന്ത്രിമാരാണ്; മറവുതരത്തിൽ സ്ഥാനമുള്ളവരാണ്. ഇന്ദിരാഗാന്ധിയുടെ രാജവാഴ്ച അവസാനിപ്പിക്കൽ വിപ്ലവം എങ്ങിനെയുണ്ട്?

പ്രിവിപെഴ്സും മറ്റാനുകൂല്യങ്ങളും നിർത്തലാക്കുന്നതിന് ലോകസഭയെ സമീപിച്ചു പരാജയമടഞ്ഞ ഇന്ദിരാഗാന്ധി പ്രത്യേക ഉത്തരവിലൂടെയാണതു് നിർത്തലാക്കിയതു. നിയമ നിർമ്മാണവേദിയിൽ പരാജയപ്പെട്ടപ്പോൾ ഉത്തരവുമായി വരുന്നതു് ജനാധിപത്യാക്രമണങ്ങൾക്കു നിരക്കാത്തതാണ്. നിയമസഭയെ അവഹേളിക്കുന്നതിന് തുല്യമാണ്. പ്രധാനമന്ത്രിക്കു നേരത്തെ ഉത്തരവു പുറപ്പെടുവിച്ചാൽ മതിയായിരുന്നു. അങ്ങിനെ ചെയ്താൽ മതിയെന്ന് പരേതനായ പനമ്പിള്ളി പരസ്യമായി പ്രസ്താവിക്കുകയും ചെയ്തിരുന്നു. എന്നിട്ടും ലോകസഭയിൽ വന്നു. പരാജയമടഞ്ഞപ്പോൾ ജനാധിപത്യ മഹത്വം നിലച്ചു. പാർലിമെന്റിൽ കള്ളവോട്ടുകൾവരെ നടന്നു. ഏവരും വെറുക്കുന്നൊരു കാര്യത്തിൽ പോലും ഇന്ദിരയുടെ അണിയിൽ കരിങ്കാലികളുണ്ടായി. നഷ്ടപരിഹാരം കൊടുക്കാനാണ തീരുമാനമെങ്കിൽ എന്തിനു തിടുക്കം പിടിച്ചു? പ്രതിപക്ഷത്തിന് ആക്ഷേപിക്കാനുള്ള വക കൊടുത്തു് ജനങ്ങളെ വഞ്ചിച്ചു?

പ്രിവിപെഴ്സിന്റെ കാര്യത്തിൽ ഉത്തരവിറക്കി വിജയിച്ച പ്രധാനമന്ത്രി സ്വകാര്യസ്വത്തിനു സംരക്ഷണം നൽകുന്ന ഭരണഘടനാവ്യവസ്ഥയ്ക്കെതിരായി ഉത്തരവു പുറപ്പെടുവിക്കുമോ? ടാറ്റാ ദാൽമിയ സിങ്കാണിയ തുടങ്ങിയവരുടെ വ്യവസായങ്ങൾ ദേശസാൽക്കരിക്കുമോ? അവർക്കു പുതിയ ലൈസൻസെങ്കിലും നൽകാതിരിക്കുമോ? വിദേശ വ്യവസായങ്ങൾ, തോട്ടങ്ങൾ, ബാങ്കുകൾ ദേശസാൽക്കരിക്കുമോ? ഇല്ല. എന്തുകൊണ്ടെന്നാൽ അതിനെല്ലാം ഇന്ദിരാഗാന്ധി അനുകൂലമാണ്. അവയൊക്കെ സ്വന്തം താൽപര്യത്തെത്തന്നെ അപകടത്തിലാക്കുന്നതാണ്. ഭരണഘടനയെ മാനിക്കാൻ പറഞ്ഞു് അവിടെ ഇന്ദിരയും കൂട്ടാളികളും മാറിക്കളയുന്നു. ഈ ഉത്തരവുകൊണ്ടു് രാജാക്കന്മാർക്കു് ലാഭമാണെന്ന് അവർക്കും ഇന്ദിരക്കുമറിയാം. ഗഡുക്കളായി കിട്ടിയതുകൊണ്ടു ഗുണമില്ലാത്ത, ചിലപ്പോൾ പെട്ടെന്നു കിട്ടാതെ വന്നേക്കാവുന്ന തുക ഒരുമിച്ചു കിട്ടുകയാണ്. ചില രാജാക്കന്മാർ ഇതിനെ എതിർത്തു കാണിക്കുന്നതു് ജനവഞ്ചനയ്ക്കുള്ള ഒത്തുകളി മാത്രമാണ്. കേരളത്തിലെ ഇടക്കാല തിരഞ്ഞെടുപ്പ് ജയിക്കൽ, രാജാക്കന്മാരെ രക്ഷിക്കൽ, വിപ്ലവം കാണിച്ചു് ജനങ്ങളെ വഞ്ചിക്കൽ ഇവയായിരുന്നു ഇന്ദിരാ ഗാന്ധിയുടെ ഉദ്ദേശ്യം. അതിൽ ജയിക്കുകപോലും ചെയ്തിട്ടുണ്ട്.

പ്രിവിപെഴ്സ് നിർത്തലാക്കുന്നവാഗ്ദത്ത ലംഘനമാണെന്ന് സംഘടനാകോൺഗ്രസ് സ്വതന്ത്രാ പാർട്ടി ജനസംഘം തുടങ്ങി കക്ഷികൾ ശഠിച്ചു. ലോക ചരിത്രം വാഗ്ദാതക്കളുടേയും വാഗ്ദാന ലംഘനങ്ങളുടേയും കൂടി സൃഷ്ടിയാണ്. രാജ്യത്തിന്റെ നിലനിൽപ്പാണതിന് ആധാരം. വ്യക്തിയെപ്പോലെ ഭരണകൂടത്തിന് വികാരങ്ങളില്ല. മാനാപമാനമില്ല. നന്മതിന്മയുമില്ല. രാജ്യനന്മയാണ് വലുതു്. ബലഹീനതയിൽ വകവച്ചു കൊടുത്തതു് ബലമാർജ്ജിച്ചാൽ പിടിച്ചു വാങ്ങും. വ്യക്തികൾക്ക് മാനാപമാന, ദുരഭിമാനങ്ങളുണ്ട്. വ്യക്തികൾ വാക്കു പാലിക്കാൻ വേണ്ടി സ്വയം നശിച്ചെന്നുവരാം. രാജ്യത്തിനാവില്ല. രാജ്യം വാഗ്ദാനങ്ങളെക്കാൾ വലുതാണ്. വ്യക്തികൾ പോലും സ്വന്തം നിലനിൽപ്പിനുവേണ്ടി എല്ലാം വലിച്ചെറിയാറുണ്ട്. ചോദിക്കട്ടെ, രാജാക്കന്മാർക്കു നൽകിയ വാഗ്ദാനം പാലിക്കാത്തതിൽ ശണ്ഠകൂട്ടുകയും അധിക്ഷേപിക്കുകയും യുക്തിവിചാരം നടത്തുകയും ചെയ്യുന്ന രാജാജി, മധോക്, മൊറാർജി ദേശായി, ഇന്ദിരാഗാന്ധി, നിജലിംഗപ്പ തുടങ്ങിയവർ സ്വാതന്ത്ര്യ സമരവേളയിൽ അതിനു ശേഷം തിരഞ്ഞെടുപ്പുവേളകളിൽ എത്രയോ വാഗ്ദാനങ്ങൾ ജനങ്ങൾക്കു നൽകി! ഒന്നെങ്കിലും നടപ്പിലാക്കിയോ? ഭക്ഷണത്തിനും‘ വസ്ത്രത്തിനും’ കിടപ്പാടത്തിനുംവേണ്ടി എല്ലാം നശിപ്പിക്കുകയും തകർക്കുകയും ചെയ്യുന്ന കോടിക്കണക്കിനു ജനങ്ങൾ എത്രയോ വാഗ്ദാന ലംഘനങ്ങളുടെ, വഞ്ചനയുടെ സ്ഥിരസ്മാരകങ്ങളാണു! സമസ്താപദ്രവങ്ങളും ചെയ്തു രാജാക്കന്മാർക്കു് കൊടുത്ത അന്യായമായ വാഗ്ദാനം പാലിക്കാത്തപ്പോഴാണ് അവർക്കു് സഹിക്കാനാവാത്തതു്. ജനങ്ങളുടെ പേരിലാണ് ഈ അധർമ്മം പറയുന്നതെന്നോർക്കുമ്പോൾ രാജാക്കന്മാർക്കു് പണം നൽകുകമാത്രമല്ല ആത്മാവും മനസാക്ഷിയുമൊക്കെ വിററുകഴിഞ്ഞു ഈ മാന്യന്മാരെന്നു തോന്നിപ്പോകും.

നീയമസഹായം തേടാൻ സാധാരണക്കാർക്കു പോലുമുള്ള അവകാശം ഇക്കാര്യത്തിൽ രാജാക്കന്മാർക്കു നൽകാതിരുന്നതുകൊണ്ടാണ് തങ്ങൾ എതിർക്കുന്നതെന്ന് സംഘടനാകോൺഗ്രസ് നേതാക്കൾ പറയുകയുണ്ടായി. അപ്പോൾ നിർത്തലാക്കണമെന്നില്ല അവർക്കു. കോടതിവഴിയെങ്കിലും തിരിച്ചുവാങ്ങട്ടെയെന്നാണ് സംഘടനക്കാർ ആശിച്ചതു. തള്ളിപ്പറയുന്നവരെ വിശ്വാമിത്രനെപ്പോലെ തോൽപ്പിക്കുന്ന ഈ നേതാക്കന്മാർ മറ്റൊന്നും പറയാനിടയില്ല. സാധാരണക്കാർക്കുള്ള അവകാശം പോലും രാജാക്കന്മാർക്കു കൊടുത്തില്ലത്രെ! ഇതുകേട്ടാൽ തോന്നും സാധാരണക്കാർക്കൊക്കെ പ്രിവിപെഴ്സും ആനുകൂല്യങ്ങളും കൊടുത്തുനിർത്തിയിരിക്കുകയാണെന്ന്. നെറിവില്ലായ്മ പറയുന്നതിനുംവേണ്ടേ ഒരതിരു്.

പ്രിവിപെഴ്….ം മറ്റാനുകൂല്യങ്ങളും നിർത്തലാക്കുന്ന കാര്യത്തിൽ ഭരണകോൺഗ്രസും സംഘടനാ കോൺഗ്രസും തമ്മിലുള്ള അന്തരം കള്ളനും കക്കുന്നവനും തമ്മി

## തെരഞ്ഞെടുപ്പിനുശേഷം ( 2-ാംപേജ് തുടർച്ച)

പോയതു് സ്വാഭാവികമാണ്. ഇതിന്റെ ഫലം തെരഞ്ഞെടുപ്പ് ഫലങ്ങളിൽ തെളിഞ്ഞു കാണാം. 1965 ലും 1967 ലും മാർക്സിസ്റ്റ് മുന്നണിക്കു് പിന്തുണ നൽകിയിരുന്ന മുസ്ലീംമുകളിൽ ഗണ്യമായ വിഭാഗം 1970ൽ മുസ്ലീംലീഗ്കാരായി മാറിയിട്ടുണ്ടു്.

ഈ യാഥാർത്ഥ്യം നിഷേധിച്ചതുകൊണ്ടു് കാര്യമില്ല. മലബാറിലെ നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം പരിശോധിച്ചാൽ ഇതു് വ്യക്തമാകും. തങ്ങളുടെ വോട്ടുഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നു അവകാശപ്പെടുന്ന മാർക്സിസ്റ്റുകാർ ഉത്തരം പറയേണ്ട ചില ചോദ്യങ്ങളുണ്ടു്. 1965 ലും 1967 ലും തങ്ങൾക്കു പിന്തുണ നൽകിയ മുസ്ലീം ലീഗ്കാരിൽ നിന്നു ഗണ്യമായ ഒരു വിഭാഗം ആളുകളെ 1970 ൽ തങ്ങളുടെ കൂടെ നിർത്താനും പുറമെ മററു കക്ഷികളിൽ നിന്നു നല്ല ശതമാനം വോട്ടുകൾ ആകർഷിക്കാനും സാധിച്ചുവെന്നാണ് മാർക്സിസ്റ്റ് നേതാക്കൾ അവകാശപ്പെടുന്നതു്. തങ്ങളുടെ വോട്ടു ഗണ്യമായി വർദ്ധിച്ചുവെന്നു പറയുന്നതിന്റെയർത്ഥം അതായിരിക്കണമല്ലോ? അങ്ങിനെയാണെങ്കിൽ പിന്നെ മലബാറിൽ പല നിയോജക മണ്ഡലങ്ങളും മാർക്സിസ്റ്റ് മുന്നണിക്കു നഷ്ടപ്പെടാനിടയായതു് എന്തുകൊണ്ടാണു്?

അപ്പോൾ സത്യം മറെറാന്നാണ്. മാർക്സിസ്റ്റുകാരുടെ കൂടെയുണ്ടായിരുന്ന മുസ്ലീമുകളുടെ വോട്ടുകൂടി ഇത്തവണ മാർക്സിസ്റ്റ് മുന്നണിക്കു നഷ്ടപ്പെട്ടു. കോൺഗ്രസിന്റെ വോട്ടിൽ സിൻഡിക്കേററുകാർ വിട്ടു പോയിട്ടും കുറവൊന്നും സംഭവിച്ചതുമില്ല. അങ്ങിനെയാണ് മാർക്സിസ്റ്റ് മുന്നണിക്കു പരാജയമുണ്ടായത്.

അതോടൊപ്പം 'മാർക്സിസ്റ്റ് സിൻഡിക്കേററ് ഐക്യം' മറച്ചുവെക്കാനാകാത്തവിധം സമർത്ഥമായി പ്രചരിപ്പിക്കുന്നതിനു ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിക്കാർക്കു സാധിച്ചു. പേരുകേട്ട സിൻഡിക്കേററുകാരെ സ്വതന്ത്രരായി നിർത്തി മാർക്സിസ്റ്റ്കാർ പിന്തുണ നൽകി ഇതിലും ഭേദം കുറുമുന്നണിക്കാരെയും കോൺഗ്രസിനേയും പരാജയപ്പെടുത്തുന്നതിനു ചില മണ്ഡലങ്ങളിൽ തങ്ങൾ സിൻഡിക്കേററുകാർക്കു് പിന്തുണ നൽകുമെന്നു പരസ്യമായിപ്പറയുകയായിരുന്നു. തെരഞ്ഞെടുപ്പിനു ശേഷവും സിൻഡിക്കേററുകാർക്കു് നിയമസഭയിൽ സ്ഥാനം നൽകിയതിനു ഉത്തരവാദിത്വം മാർക്സിസ്റ്റ്കാരാണെന്നയാരോപണം നിലവിൽ നിൽക്കുകയാണ്.

മൂന്നു കോൺഗ്രസ്സും ഒന്നാണെന്നും മൂന്നിനേയും തങ്ങൾ ഒരേപോലെ എതിർക്കുമെന്നും പറയുന്ന സന്ദർഭത്തിൽ തന്നെയാണ് മാർക്സിസ്റ്റ് പാർട്ടി ഇത് ചെയ്തതു്. പാർളിമെന്റിൽ പ്രിവിപേഴ്സ് നിർത്തലാക്കുന്നതിനുള്ള ഭരണഘടനാഭേദഗതിയെ അനുകൂലിച്ചു് മാർക്സിസ്റ്റ് പാർട്ടി വോട്ടുചെയ്യുകയും അതിനെ എതിർത്ത് സിൻഡിക്കേററുകാർ വോട്ടു ചെയ്യുകയും ചെയ്തു. ജനങ്ങളുടെ മുമ്പിൽ സിൻഡിക്കേററുകാർ പിന്തിരിപ്പന്മാരാണെന്ന യാഥാർത്ഥ്യം ഒന്നുകൂടി വ്യക്തമായ അവസരത്തിലാണ് മാർക്സിസ്റ്റ്കാർ ചിലയിടത്ത് സിൻഡിക്കേററിനെ പിന്തുണക്കാൻ തയ്യാറായതു്.

ഇതൊക്കെയായിട്ടും പറഞ്ഞതിനു വിപരീതമായി പ്രവർത്തിക്കാൻ ചിലയിടത്തെങ്കിലും മാർക്സിസ്റ്റ്കാർ നിർബ്ബന്ധിതരായിട്ടുണ്ടു്. കോൺഗ്രസാണ് തങ്ങളുടെ മുഖ്യശത്രുവെന്നു നിരന്തരം പറഞ്ഞിരുന്നയവസരത്തിൽ തന്നെ കൊട്ടാരക്കരയിലെങ്കിലും മാർക്സിസ്റ്റ്കാർ കോൺഗ്രസിനു് വോട്ടുചെയ്തിട്ടുണ്ടെന്നുതീർച്ച. കൊട്ടാരക്കര ഉപതെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പിന്തുണയുള്ള സ്ഥാനാർത്ഥിക്കു് 18000 വോട്ടു് ലഭിച്ചിരുന്നതാണ്. എന്നാൽ ഇത്തവണ മാർക്സിസ്റ്റ് പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥിക്കു് മൂവായിരത്തിൽ താഴെ വോട്ടാണ് ലഭിച്ചതു്. കൊട്ടാരക്കരയിൽ മാർക്സിസ്റ്റനുഭാവികളായ വോട്ടർമാർ കോൺഗ്രസ്

(ശേഷം 16—ാം പേജിൽ)

## പ്രിവിപേഴ്സിന്റെ രൂപാന്തര പ്രാപ്തി (തുടർച്ച)

ലുള്ളതു മാത്രമാണു്. ഇരുകൂട്ടർക്കും രാജാക്കന്മാരെ രക്ഷിക്കണമെന്നാണു്. ഇന്ദിരാഗാന്ധി ജനങ്ങളെ വഞ്ചിച്ചു് അതുചെയ്യുന്നു. സത്യം പറഞ്ഞുവേണം അങ്ങിനെ ചെയ്യാനെന്നു് മറുപക്ഷം പറയുന്നു. ജനങ്ങളുടെ പരസ്യശത്രുക്കളാണവർ. ഇന്ദിരയും കൂട്ടരുമാകട്ടെ പാളയത്തിലെ പടയാണു്. ജനങ്ങൾ ജാഗ്രതയായിരിക്കണം. ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും സത്യത്തിന്റെയും ആസ്ഥിയാണു് ജാഗ്രതയുള്ള ജനങ്ങൾ.

## അപ്രസക്തി [15 ാം പേജ്തുടർച്ച]

നിർദ്ദേശത്തോടു് അദ്ദേഹം വിയോജിക്കുകയും ചെയ്തു. സി. ബി. ഗുപ്തയുടെ ഗവർമ്മെന്റു് ഓർഡിനൻസു് പുറപ്പെടുവിച്ചപ്പോൾ മിസ്സിസ്സ് ഗാന്ധിപറഞ്ഞു. സത്യത്തിൽ ഇതു തന്റെ പിതാവിന്റെ നടപടിയാണെന്നും അതു നടപ്പാക്കാൻ എതിരായി നിന്നതു് ഗുപ്തയാണെന്നും. എന്നിട്ടും പുതിയ കോൺഗ്രസ് മരിച്ചാലും ഇതു് നിരോധിക്കുന്നതിനു് എതിരായ ചരൺ സിംഗിനെ തന്നെ താങ്ങാമെന്നു് സമ്മതിച്ചു!

കേരളത്തിലെ കുറുമുന്നണി ഗവണ്മെന്റിനെ ഗവർണ്ണർ അധികാരത്തിലവരോധിച്ചത് കേന്ദ്രത്തിന്റെ അനുഗ്രഹാശിസ്സുകളോടുകൂടിമാത്രമല്ല പരസ്യമായ പ്രചോദനം കൊണ്ടുകൂടിയാണു്. രണ്ടുവിരുദ്ധാഗ്രഹങ്ങൾ മാർക്സിസ്റ്റു പാർട്ടിയെ നീററുന്നു: ഒന്നു് കേരളത്തിലതിനുണ്ടായ പരാജയത്തിനു് പ്രതികാരം ചെയ്യുക, രണ്ടു് എങ്ങിനെയെങ്കിലും ബംഗാളിൽ അധികാരത്തിൽ വരിക. പാർലിമെന്റിൽ ശ്രീമതി ഗാന്ധിക്കു് പിന്തുന്ന നൽകുക എന്നി പൊതുവായ നയം തുടരുകയാണവർ. സി. പി. ഐ, പി. എസ്. പി. എന്നിവരാകട്ടെ പാർലിമെന്റിൽ മാത്രമല്ല ബിഹാറിലും ശ്രീമതി ഗാന്ധിയുടെ ഉറച്ച അനുചരന്മാരാണു്. റബൊത്ത് പ്രശ്നത്തിലും ജഗ്ജീവൻ റാമിന്റെ ആദായനികുതിക്കാര്യത്തിലും പാർലിമെന്റിന്റെ കഴിഞ്ഞ ശീതകാല സമ്മേളനത്തിൽ പ്രതിപക്ഷത്തോടൊപ്പം നിന്ന പി. എസ്. പി നയം മാററി ശ്രീമതി ഗാന്ധിയുടെ ഭരണകൂടവുമായി അർത്ഥവത്തായ ചർച്ചകൾ തുടങ്ങിയിരിക്കുന്നു. അർത്ഥവത്തായ ചർച്ചകളുടെ രൂപമെന്തായിരിക്കുമെന്നു് ഏറെത്താമസിയാതെയറിയാം.

എന്നെ സംബന്ധിച്ചേടത്തോളം ശ്രീമതി ഗാന്ധിയേയും അവരുടെ നയങ്ങളേയും കുറിച്ചുള്ള ഈ വിശകലനം അങ്ങേയററം ശരിയാണെന്നു് വരാനിരിക്കുന്ന സംഭവങ്ങൾ തെളിയിക്കുമെന്നും മാർക്സിസ്റ്റു പാർട്ടിയും എസ്. എസ്. പിയും അവസാനം സി. പി. ഐയും ഈ തന്നി പിന്തിരിപ്പൻ ഭരണകൂടത്തിനെതിരായി പ്രതിപക്ഷത്തുതന്നെ ഇരിക്കേണ്ടതുണ്ടെന്നകാര്യത്തിൽ അശേഷം സംശയമില്ല ഭാവിസംഭവ വികാസങ്ങളിൽനിന്നു എസ്. എസ്. പി. യുടെ വിശകലനം പൂർണ്ണമായും യഥാർത്ഥമാണെന്നു് തെ

Vol. 1 NIRNAYAM Reg. K 104

No. 26

35 Ps. (ERNAKULAM 11 TH OCTOBER 1970)

(15-ാം പേജ് തുടർച്ച)

സ്ഥാനാർത്ഥി കൊട്ടറ ഗോപാലകൃഷ്ണനു വോട്ടുചെയ്തുവെന്നു വ്യക്തം.

സിൻഡിക്കേററുകാരും തങ്ങളുടെ പ്രചരണത്തിൽ മാർക്സിസ്റ്റുകാരേയും കമ്യൂണിസ്റ്റുകാരേയും എതിർക്കാനാണ് കൂടുതൽ വ്യഗ്രത കാണിച്ചതു്. മാർക്സിസ്റ്റുകാരുടെ വിജയം അത്രക്കു് വലിയ അപകടമുണ്ടാക്കുമെന്നാണെങ്കിൽ കൂടുതൽ വിജയ സാദ്ധ്യതയുള്ള സ്ഥാനാർത്ഥിക്കു് വോട്ടുചെയ്യുന്നതാണ് നല്ലതെന്നു ആളുകൾ കരുതിയാൽ കുററപ്പെടുത്തരുതല്ലോ. സിൻഡിക്കേററുകാർക്കു് വിജയ സാദ്ധ്യതയില്ലെന്നു ഉപതെരഞ്ഞെടുപ്പിലൂടെ മനസ്സിലാക്കിയിരുന്ന വോട്ടർമാർ തങ്ങളുടെ വോട്ടുകൾ പാഴാക്കേണ്ടതില്ലെന്നു കരുതിയിരിക്കണം.

മാർക്സിസ്റ്റുമുന്നണിയുടെ തെരഞ്ഞെടുപ്പ് നയത്തിൽ അടിസ്ഥാനപരമായ മറെറാരു തകരാറുകൂടി കാണാമായിരുന്നു. തങ്ങളെ വഞ്ചിച്ചു കോൺഗ്രസിന്റെ കൂടെ കൂടിയതിന്റെ പേരിൽ കുറുമുന്നണിയിലെ മററു കക്ഷിക്കാരെയെല്ലാം അധിക്ഷേപിച്ചവരാണ് മാർക്സിസ്റ്റുകാർ. അവർ അവസാനം 'വഞ്ചന'യിലെ മുഖ്യ പങ്കാളിയായ ഐ. എസ്സ്. പി. ക്കാർക്കു് പിന്തുണ നൽകാനും നിശ്ചയിച്ചു.

തെരഞ്ഞെടുപ്പ് നയത്തിലേയും പ്രചരണ രംഗത്തേയും ഈ വൈരുദ്ധ്യങ്ങൾ നല്ലയൊരളവോളം വോട്ടർമാർ മനസ്സിലാക്കിയെന്നു തെരഞ്ഞെടുപ്പ് ഫലങ്ങൾ കാണിക്കുന്നുണ്ടു. സ്വന്തം ഭരണകാലത്തെ നേട്ടങ്ങളെ ചൂണ്ടിക്കാണിച്ചു വോട്ടുചോദിക്കുന്നതിൽ കോൺഗ്രസ്സ് നേതാക്കൾ പരാജയപ്പെട്ടിട്ടുപോലും വിവേചനാപൂർവ്വം ജനങ്ങൾ കോൺഗ്രസിനെയാണ് ഏററവും കൂടുതൽ നിയോജകമണ്ഡലങ്ങളിൽ വിജയിപ്പിച്ചതു്. 1965 ലേയും 1967ലേയും തെരഞ്ഞെടുപ്പ് ഫലങ്ങൾ നോക്കിയാൽ വിജയ സാദ്ധ്യത കുറഞ്ഞ മണ്ഡലങ്ങളാണ് കോൺഗ്രസിനു മത്സരിക്കാൻ ലഭിച്ചതു് എന്നിട്ടുപോലും കോൺഗ്രസിനു വിജയം നേടാൻ സാധിച്ചതു് കോൺഗ്രസ് വിരോധത്തിന്റെ പരാജയം വിളിച്ചോതുന്നുണ്ടു്.

അതേസമയം തന്നെ ഗൌരവാവഹമായ മറെറാരു ഫലം കൂടിയുണ്ടായിരിക്കുന്നു. കുറുമുന്നണിക്കാരിൽ മുഖ്യകക്ഷികളായ സി. പി. ഐ. യുടേയും മുസ്ലീം ലീഗിന്റേയും സ്ഥാനങ്ങൾ കുറഞ്ഞിരിക്കുകയാണ്. കോൺഗ്രസിന്റെ പിന്തുണയുണ്ടെങ്കിൽ വിജയിക്കുമെന്നു ഉറപ്പുള്ള മണ്ഡലങ്ങളിലാണ് സി. പി. ഐ മത്സരിച്ചതു. എന്നിട്ടും അവർക്കു പരാജയമാണുണ്ടായതു്. അതേപോലെതന്നെ മുസ്ലീംലീഗിനു തിരു. കൊച്ചി ഭാഗത്തു് ഒരു സീററുപോലും വിജയിക്കാൻ സാധിച്ചില്ല. കോൺഗ്രസിനെ താഴ്ത്തിക്കാണിച്ചുംകൊണ്ടു തങ്ങളുടെ ഭരണത്തിന്റെ ഇല്ലാത്ത പൊങ്ങച്ചംകാണിച്ചു വോട്ടുപിടിക്കാൻ ശ്രമിച്ച സി. പി. ഐ. മുസ്ലീം ലീഗ് കക്ഷികൾക്കു് സീററു കുറയാൻ കാരണം കോൺഗ്രസനുഭാവികളായ വോട്ടരമാർ സമ്പൂർണ്ണമായി ഈ കക്ഷികളെ അനുകൂലിക്കാൻ കൂട്ടാക്കാത്തതാണ്. കെ. പി. സി. സി. നേതാക്കൾ ഇതു് നല്ലവണ്ണം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പക്ഷെ, ജനപിന്തുണ കുറഞ്ഞുപോയ കക്ഷികളെ തന്നെ വീണ്ടും ഭരണത്തിൽ കൊണ്ടുവരാൻ കോൺഗ്രസ്സ് ഇടയാക്കുമെന്നു കാണുന്നു. സീററു കൂടുതൽ നേടിയ കോൺഗ്രസ്സ് ഭരിക്കുകയില്ല, സീററു കുറഞ്ഞ സി. പി. ഐ. , മുസ്ലീം ലീഗ് എന്നിവർ ഭരിക്കും എന്നനിലയുണ്ടാകുകയാണ്. ജനാധിപത്യത്തിനു തന്നെ നിരക്കാത്ത പ്രതിഭാസമാണിതു്. ഇന്നത്തെ സാഹചര്യത്തിൽ കോൺഗ്രസ്സ് ഭരണമുണ്ടാക്കുകയും മററു കക്ഷികൾ പിന്തുണ നൽകുകയും മാത്രമായിരുന്നു പോം വഴി.

മുസ്ലീം ലീഗിനെ വീണ്ടും അധികാരത്തിൽ കൊണ്ടുവരുന്നതിനെ കോൺഗ്രസ്സുകാർ അനുകൂലിക്കുന്നില്ലെന്നു തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നുണ്ടു്. എന്നിട്ടും കെ. പി. സി.സി. നേതാക്കൾ അതിനിടയാക്കിയിരിക്കുന്നു. മാത്രമല്ല, മുസ്ലീം ലീഗ് വർഗ്ഗീയ കക്ഷിയല്ലെന്നു പ്രചരിപ്പിക്കാൻ പ്രധാനമന്ത്രിവരെ കൂട്ടുനിൽക്കുകയും ചെയ്യുന്നു. മുസ്ലീം ലീഗിന്റെ വർഗ്ഗീയതയുടെ തനിനിറവും കഴിഞ്ഞ തെരഞ്ഞെടുപ്പിലൂടെ കാണാൻ സാധിക്കുന്നുണ്ടു്.

മട്ടാഞ്ചേരിയിൽ സിൻഡിക്കേററു സ്ഥാനാർത്ഥി ഹർഷലിനുണ്ടായ വമ്പിച്ച വിജയം അതാണ് സൂചിപ്പിക്കുന്നതു്. മുസ്ലീം ലീഗുകാരൻ ആഭ്യന്തരമന്ത്രിയായിരിക്കെ മട്ടാഞ്ചേരിയിലുണ്ടായ വർഗീയ ലഹളകളും അതു് നേരിടുന്നതിൽ പോലീസിനുണ്ടായ പരാജയവുമാണ് ഹർഷലിനു വമ്പിച്ച വിജയമുണ്ടാക്കിക്കൊടുത്തതു്. മുസ്ലീം ലീഗുകാരനായ ആഭ്യന്തരമന്ത്രി വർഗ്ഗീയ ലഹളകളിൽ കക്ഷിപിടിച്ചുവെന്നു മട്ടാഞ്ചേരിയിലെ വോട്ടർമാർക്കു് തോന്നലുണ്ടായിട്ടുണ്ടു്. ആ തോന്നൽ ശരിയോ തെറേറാ ആകട്ടെ. ഒരു മുസ്ലീംലീഗുകാരനും മതേതരമായി പ്രവർത്തിക്കേണ്ട രംഗങ്ങളിൽ ജനവിശ്വാസം നേടാനാവില്ലെന്നും മുസ്ലീം ലീഗ് അവസാനം ജനങ്ങളെ മതാടിസ്ഥാനത്തിൽഭിന്നിപ്പിക്കുമെന്നും മട്ടാഞ്ചേരി തെരഞ്ഞെടുപ്പ് ഫലം തെളിയിക്കുന്നു.

ചുരുക്കത്തിൽ, സ്ഥാനമോഹം കൈമുതലാക്കിയുണ്ടാക്കുന്ന ഐക്യമുന്നണികളുടെ ദുരന്തം കേരളത്തിൽ ഒന്നുകൂടി ആവർത്തിച്ചേക്കും. സീററു കൂടുതൽ നേടിയകക്ഷികൾ ഭരണത്തിനു പുറത്തു നിൽക്കുകയും സീററു കുറഞ്ഞ കക്ഷികൾഅധികാരസ്ഥാനത്തു വരുകയും ചെയ്യുകയെന്നനിലജനാധിപത്യത്തിനു നിരക്കുന്നതല്ല.

....

---

(അപ്രസക്തി തുടർച്ച)

ളിയുമെന്നു് എനിക്കുറപ്പുള്ളതിനാൽ' ഭാവിയിൽ നിയമസഭകൾക്കകത്തും പുറത്തും പ്രത്യേകിച്ചു് ബഹുജനസമര വേദികളിൽ ഇടതുപക്ഷ കക്ഷികൾ കഴിയുന്ന എല്ലാ കാര്യങ്ങളിലും യോജിച്ചു പ്രവർത്തിക്കണമെന്നാണ് എനിക്കു നിർദ്ദേശിക്കുവാനുള്ളതു് ചില ഇടതുപക്ഷ കക്ഷികളും എസ്. എസ്. പി.യുമായി ഇന്നു് യഥാർത്ഥത്തിൽ നിലനിൽക്കുന്ന അഭിപ്രായാന്തരങ്ങൾ അനാവശ്യമായി നീട്ടിക്കൊണ്ടു പോകേണ്ടതില്ലെന്നും ഞാൻ നിർദ്ദേശിക്കുന്നു. വളരെ താമസിയാതെതന്നെ നമ്മുടെ അഭിപ്രായങ്ങൾ ഐകരൂപ്യമുള്ളതായിത്തീരുകതന്നെ ചെയ്യും.

(അവസാനിച്ചു)

Edited printed andpublished by M. A. John Convent Road, Cochin-11
at Empees press, Gopalprabhu Road, Cochin -11